

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മരട് മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.1)31/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/03/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
3.ഡയറക്ടർ, എൽ.എസ്.ജി.ഡി(അർബൻ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.1)31/2025 തീയ്യതി: 27/03/2025

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സിനി എം.വി.	ജോയിന്റ് ഡയറക്ടർ	04-01-2025	18-01-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-01-2025	18-01-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
കവിത എസ്.കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സഫിയ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
വാലന്റൈൻ കെ. ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി.ആർ, ഓഡിറ്റർ

മുഹമ്മദ് സഫ്വാൻ എം., ഓഡിറ്റർ

ബ്രി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആന്റണി ആശാംപറമ്പിൽ	ചെയർമാൻ	01-04-2023	31-03-2024
ശ്രീ.നാസ്സിം ഇ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിജു എം. കെ	മുനിസിപ്പൽ എൻജിനീയർ	01-04-2023	31-03-2024
ശ്രീ. രാജേഷ് കെ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. മിലി ഗോപിനാഥ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	24-07-2023
ശ്രീ. അക്ഷയ് എ കുമാർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	25-07-2023	04-09-2023
ശ്രീമതി. അളക ആർ ബാബു	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	05-09-2023	30-11-2023
ശ്രീ. അക്ഷയ് എ കുമാർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-12-2023	31-03-2024
ഡോ. റാണ രാജ് വി. ആർ.	വെറ്ററിനറി സർജൻ	01-04-2023	03-04-2023
ഡോ. റോഷിനി മോസസ്	വെറ്ററിനറി സർജൻ	04-04-2023	31-03-2024
ശ്രീമതി. ചാന്ദനി പി ബി	കൃഷി ഓഫീസർ	01-04-2023	02-08-2023
ശ്രീമതി. അഞ്ജലി ഭദ്ര	കൃഷി ഓഫീസർ	03-08-2023	31-03-2024
ശ്രീമതി. ഫെമിത വി. കെ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി. പ്രസന്ന കമ്മത്ത് പി	ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, മാങ്കായിൽ	01-04-2023	31-03-2024
ശ്രീമതി. രജനി ഒ.	പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ്, മാങ്കായിൽ	01-04-2023	31-03-2024
ശ്രീ. രമേശൻ പുന്നാത്തിരിയൻ	ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്, മാങ്കായിൽ	01-04-2023	05-06-2023
ഒഴിവ്	ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്, മാങ്കായിൽ	06-06-2023	29-09-2023
ശ്രീമതി. സീമ റ്റി. കെ	ഹെഡ്മിസ്ട്രസ്സ്, ജി.എച്ച്.എസ്, മാങ്കായിൽ	30-09-2023	31-03-2024
ശ്രീ.ജേക്കബ്സൺ പി. ഐ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ	01-04-2023	31-03-2024
ഡോ. ബാലു ബി.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വളന്തക്കാട്	01-04-2023	19-06-2023
ഡോ. സൗമ്യ എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വളന്തക്കാട്	20-06-2023	31-03-2024

ഡോ.ജീന എസ് മോഹൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നെട്ടൂർ	01-04-2023	18-06-2023
ഡോ. ശ്രീകുമാരി ബി. എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നെട്ടൂർ	19-06-2023	31-03-2024
ഡോ.ഹീര സാബു	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	10-10-2023
ഡോ. വിനിത എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	11-10-2023	31-03-2024
ഡോ. രാജേശ്വരി സി. എൽ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-05-2023
ഡോ. അഷിൻ റോസ് വി. ജെ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-06-2023	12-06-2023
ഡോ. ടിന്റു റെജിന ബി. ജെ	മെഡിക്കൽ ഓഫീസർ, ഹോമിയോ	13-06-2023	20-06-2023
ഡോ. അഷിൻ റോസ് വി. ജെ	മെഡിക്കൽ ഓഫീസർ, ഹോമിയോ	21-06-2023	19-08-2023
ഡോ. നമിത കെ. ആർ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	20-08-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.	1-1-1
3	ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.	1-1-2
4	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	റിഡംപ്ഷൻ തുക വാർഷിക ധനകാര്യപത്രികയിൽ നിശ്ചിത ഹെഡുകളിൽ അക്കൗണ്ട് ചെയ്തില്ല	1-1-4
6	വരവ് ചെലവുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല	1-1-5
7	ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ഹെഡ് നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-6
8	ബി-9 ഷെഡ്യൂൾ–CGST, SGST വിഹിതങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-7
9	ദുരിതാശ്വാസ നിധി-വരവ് ചെലവ് തുകകൾ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	സംഭാവന തുകകൾ ബാധ്യത ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു	1-1-9
11	തനത് ഫണ്ട് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ - അപാകതകൾ	1-1-10
12	ബാങ്ക് അക്കൗണ്ട് മുഖേന ലഭിച്ച തൊഴിൽ നികുതി തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല	1-1-11
13	തിരികെ നൽകാനുള്ള ഡെപ്പോസിറ്റുകൾ - കൃത്യമായ രേഖകൾ ലഭ്യമല്ല	1-1-12
14	ബാങ്ക് അക്കൗണ്ടിലെ തുകകൾക്ക് തത്തുല്യമായ ഗ്രാന്റ് ഹെഡ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-13
15	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-14
16	ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള സെസ് തുക കൃത്യമല്ല	1-1-15
17	കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ കൃത്യമല്ല	1-1-16
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഫണ്ട് വിനിയോഗം	1-4
21	പദ്ധതി അവലോകനം	1-5
22	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
23	ക്ഷേമപദ്ധതികൾ	1-7
24	ക്യാഷ് വെരിഫിക്കേഷൻ	1-8
25	ആഭ്യന്തര നിയന്ത്രണം	1-9
26	നഗരസഭയിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ-അവലോകനം	1-10
27	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതാണ്	1-11
28	ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു	1-12
29	സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി	1-13
30	വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-14
31	ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്	1-15
32	പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-16
33	നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ -അപാകതകൾ	1-17

34	ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് എൻക്വയറികൾ നൽകിയതിനെ തുടർന്ന് 48460/-രൂപ തനത് ഫണ്ടിൽ അടവാക്കി	1-18
35	ഇ-പേയ്മെന്റ് അക്കൗണ്ട്-ഐ.കെ.എം.-ൽ നിന്നും വൻതുക ലഭ്യമാകാൻ അവശേഷിക്കുന്നു	1-19
36	1 കോടി 75 ലക്ഷം രൂപയുടെ മുൻകൂറുകൾ കൈപ്പറ്റിയവർ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല	1-20
37	നഗരസഭയ്ക്ക് ലഭിച്ച 11 ലക്ഷം രൂപയുടെ ചെക്കുകൾ പണമാക്കുവാൻ അവശേഷിക്കുന്നു-തുടർനടപടി സ്വീകരിക്കേണ്ടതാണ്	1-21
38	സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ തുകകൾ– വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-22
39	ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല	1-23
40	ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ നൽകിയ 23000/-രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല	1-24
41	സാമൂഹ്യ സുരക്ഷ പെൻഷൻ– ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ ക്രെഡിറ്റായി	1-25
42	മരുന്ന് പൂർണമായി ലഭ്യമായില്ല-2,68,538/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-26
43	ജെന്റർ റിസോഴ്സ് സെന്റർ–വികസന ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദനീയമല്ല-6000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
44	ഹൈസ്പീഡ് സ്കാനർ കെൽട്രോണിൽ നിന്നും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല-103392/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
45	ഭവന പുനരുദ്ധാരണം എസ് സി - അപാകതകൾ -11,29,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-29
46	ഭവന പുനരുദ്ധാരണം എസ് റ്റി - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെ ധനസഹായ തുക മുഴുവനും നൽകി-150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
47	ബൊക്കാഷി ബക്കറ്റ്-വിതരണം ചെയ്യാതെ അവശേഷിക്കുന്നു-മറ്റ് അപാകതകൾ - ₹91,008/- തടസ്സപ്പെടുത്തുന്നു.	1-31
48	പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചുവെങ്കിലും സുലേഖ ചെലവ് പത്രികയിൽ ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല	1-32
49	കിഴങ്ങു വർഗ്ഗ കൃഷി വികസന പദ്ധതി- ഇൻവോയ്സിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല	1-33
50	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ -425000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-34
51	നഗരസഭ വക ശാന്തിവനം ശ്മശാനം നടത്തിപ്പ് -അവശ്യ രേഖകൾ സൂക്ഷിക്കേണ്ടതാണ്	1-35
52	മരങ്ങൾ ലേലം ചെയ്ത നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്	1-36
53	അതിദരിദ്രർക്ക് ഓണക്കിറ്റ് വിതരണം -കൈപ്പറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ്-143950/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-37
54	മെഡിക്കൽ ഓഫീസർ ആയുർവേദം - 19,00,000/-രൂപയ്ക്ക് മരുന്ന് വാങ്ങിയത്-നോൺ–അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല-മറ്റ് അപാകതകൾ	1-38
55	സ്വീവേജ് സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്	1-39
56	വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 1000000/- തടസ്സപ്പെടുത്തുന്നു.	1-40
57	പി.എം.എ.വൈ(നഗരം) ഭവന പദ്ധതി-നഗരസഭ വിഹിതം,കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എന്നിവ പ്രകാരമുള്ള ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്	1-41
58	മഴക്കാല പൂർവ്വ ശുചീകരണം-ചെലവു രേഖകൾ ഹാജരാക്കിയില്ല- 6,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-42
59	ജീവനക്കാർ തനത് ഫണ്ടിൽ നിന്നും മുൻകൂറായി കൈപ്പറ്റിയ തുകകൾ ചെലവ് രേഖകൾ നൽകി ക്രമീകരിച്ചിട്ടില്ല	1-43

60	നഗരസഭയുടെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)യിൽ അഗ്നി സുരക്ഷാ സംവിധാനം സജ്ജീകരിക്കേണ്ടതാണ്	1-44
61	തനത് ഫണ്ടിൽ നിന്നും വൻ തുക ചെലവഴിച്ച് തോടുകളുടെ ശുചീകരണം മരാമത്ത് പ്രവൃത്തിയായി ചെയ്യുന്നു-ശുചീകരണ തൊഴിലാളികളെയും തൊഴിലുറപ്പ് തൊഴിലാളികളെയും നിയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്	1-45
62	അമൃത് 2.0 -പദ്ധതി അവലോകനം	1-46
63	ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല-പലിശയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു	1-47
64	എസ്.സി. ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചു - ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റുകൾ കൈമാറേണ്ടതാണ്	1-48
65	ഫോറം മാളിനു മുൻവശം അയനി തോടിനു കുറുകെ സ്റ്റീൽ ബ്രിഡ്ജ് നിർമ്മാണം–മാളിന്റെ കൈവശമുള്ള സ്ഥലം സറണ്ടർ ചെയ്ത് നഗരസഭയ്ക്ക് നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല	1-49
66	സർവീസ് പെൻഷൻ വിതരണം-അവലോകനം	1-50
67	റഗുലർ പെൻഷൻ	1-50-1
68	കണ്ടിജന്റ് പെൻഷൻ	1-50-2
	ഭാഗം **2**	
1	ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി അടവാക്കി-നഗരസഭയ്ക്ക് നരുമാന നഷ്ടം	2-1
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **മരട്** മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **30.07.2024** ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **30.07.2024** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മരട്** മുനിസിപ്പാലിറ്റിയുടെ **2023-24** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 27-03-2025

ജോയിന്റ് ഡയറക്ടർ

1-1-1 കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമാണ് പൂർണ്ണതയിൽ എത്താത്ത കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വരുന്നത്. ഈ കാലയളവിലെ കണക്കുകൾ സാംഖ്യയുമായി സമന്വയിപ്പിച്ചാണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ എൻട്രികൾ കെ-സ്മാർട്ടിൽ നിന്നും സാംഖ്യയിലേയ്ക്ക് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ലാത്തതിനാൽ വരവ് തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

1-1-2 ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.

ജനുവരി 2024-ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ജനുവരി 2024 ശേഷമുള്ള വസ്തുനികുതി നിർണയങ്ങൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 റിഡംപ്ഷൻ തുക വാർഷിക ധനകാര്യപത്രികയിൽ നിശ്ചിത ഹെഡുകളിൽ അക്കൗണ്ട് ചെയ്തില്ല

2023-24 വർഷം റിഡംപ്ഷൻ ഇനത്തിൽ 1,82,84,074/- രൂപ STSB അക്കൗണ്ടിൽ നിന്നും (നം-799013000001044) കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ ആയത് 431600100 നമ്പർ ഹെഡിൽ (Receivables From Government (Redemption Amount) റീസീവബിൾസിൽ ഉൾപ്പെടുത്തിയിട്ടില്ല (തുക പൂർണമായി 03.04.2024 ൽ തിരികെ ലഭിച്ചിട്ടുണ്ട്). സമാനമായി മുൻവർഷം കുറവ് വരുത്തിയ 58,13,655/-രൂപ തൻവർഷം ലഭ്യമായത് റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ വരവായി കാണിച്ചിട്ടില്ല. അടുത്ത വർഷം അപാകത പരിഹരിക്കുമെന്നറിയിച്ചിട്ടുണ്ട്.

1-1-5 വരവ് ചെലവുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

NULM പദ്ധതിയ്ക്കായി ഇന്ത്യൻ ബാങ്കിന്റെ മരട് ശാഖയിൽ 26.10.2023 തീയതിയിൽ ആരംഭിച്ച 7637131600 നമ്പർ അക്കൗണ്ട് (SNA Account) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ അക്കൗണ്ടിൽ ഓഡിറ്റ് വർഷം 1,23,400/-രൂപയുടെ വരവ്-ചെലവുണ്ട്. ബാങ്ക് അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ NULM ഗ്രാന്റിന്റെ വരവ് -ചെലവ് കണക്കുകളിൽ ടി തുക ഉൾപ്പെടാതെ പോയി. വിശദീകരണമാവശ്യപ്പെട്ടതിന് (എൻകയറി നം-15/14.01.2025) ടി അക്കൗണ്ടിന്റെ വിവരങ്ങൾ അക്കൗണ്ട് സെക്ഷനിലേയ്ക്ക് നൽകിയിരുന്നില്ലായിരുന്നെന്നും അടുത്ത വർഷം ആയത് ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചു.

1-1-6 ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ഹെഡ് നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു

ബി-18 ഷെഡ്യൂളിലെ Other Advance ഹെഡ് (കോഡ്- 460509900) നെഗറ്റീവ് ബാലൻസിൽ (Rs -1151/-) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകയറി നം.-15/14.01.25) മിസലേനിയസ് ഹെഡിൽ നൽകിയ മുൻകൂർ തുക Temporary Advance For Official Puropose എന്ന ഹെഡിലേയ്ക്കാണ് തിരിച്ചടച്ചതെന്നും അടുത്ത വർഷം ജേർണൽ എൻട്രി മുഖേന അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചു.

1-1-7 ബി-9 ഷെഡ്യൂൾ-CGST, SGST വിഹിതങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു

ബി-9 ഷെഡ്യൂളിലെ CGST, SGST തുകകളും CGST, SGST, TDS തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Goods & Service Tax-CGST (350300700)	2,92,128
Goods & Service Tax-SGST (350300800)	2,88,645
Govt & Other Dues Payable TDS-CGST(350300710)	4,89,670
Govt & Other Dues Payable TDS-SGST(350300810)	4,76,482

CGST, SGST വിഹിതങ്ങൾ തുല്യ തുകകൾ ആയിരിക്കേണ്ടതുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി.നം.-15/14.01.25) തുടർവർഷം ആയത് പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-8 ദുരിതാശ്വാസ നിധി-വരവ് ചെലവ് തുകകൾ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ബി-2 ഷെഡ്യൂളിലെ ദുരിതാശ്വാസ നിധിയുടെ മുന്നിരിപ്പും (70927/-) ആർ.പി ഷെഡ്യൂളുകൾ അനുസരിച്ചുള്ള ഫണ്ടിന്റെ വരവ് (521697/-) ചെലവുകളും (566500/-) പ്രസ്തുതഫണ്ടിന്റെ നീക്കിയിരിപ്പ് തുകയുമായി (11521/-) പൊരുത്തപ്പെടുന്നില്ല. വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം- 15) മറുപടിയായി ദുരിതാശ്വാസനിധിയിലേയ്ക്ക് വരവ് വന്ന തുകകൾ തെറ്റായി തനത് ഫണ്ട് അക്കൗണ്ടിലേയ്ക്കാണ് നിക്ഷേപിച്ചതെന്നും തുടർ വർഷം അപാകത പരിഹരിച്ച് നീക്കിയിരുപ്പ് തുല്യമാക്കുന്നതാണെന്നും അറിയിച്ചു.

1-1-9 സംഭാവന തുകകൾ ബാധ്യത ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു

പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ രേഖപ്പെടുത്തുന്ന ബി-4 ഷെഡ്യൂളിൽ സംഭാവനയായി ലഭിച്ച തുകകളും (Donations To CMDRF-77140/-, Donation To Pandemic Control-67200/-) ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ തുക ബി9 ഷെഡ്യൂളിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-10 തനത് ഫണ്ട് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ - അപാകതകൾ

നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നമ്പർ - 7476001100000011 (ഹെഡ് കോഡ് - 450210500) ന്റെ നഗരസഭയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.3.24ലെ നീക്കിയിരിപ്പ് 17,44,69,299.00രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിന്നും ഓട്ടോ സ്വീപ്പ് മുഖേന, ഉയർന്ന പലിശ ലഭിക്കുന്ന ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റായി ഒരു നിശ്ചിത തുക വിവിധ ഇടവേളകളിലായി മാറ്റിയിടപ്പെടുന്നുണ്ട്. ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റായി ഇപ്രകാരം മാറ്റിയിടപ്പെടുന്ന തുക കിഴിച്ചുള്ള തുക മാത്രമേ നഗരസഭയ്ക്ക് ദൈനംദിനാവശ്യങ്ങൾക്ക് പിൻവലിക്കാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം ദൈനംദിനാവശ്യങ്ങൾക്ക് പിൻവലിച്ചതിന് ശേഷം ബാക്കി വരുന്ന തുകയാണ് ബാങ്ക് പാസ്സ് ബുക്കിൽ നീക്കിയിരിപ്പായി കാണിക്കുന്നത്. 31.3.24ൽ ഇപ്രകാരം പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പായ 44,40328.55 രൂപയുമായാണ് ബാങ്ക് ബുക്ക് റീകൺസൈൽ ചെയ്തിട്ടുള്ളത്. ഇത് തെറ്റാണ്. ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ ഓട്ടോ സ്വീപ്പ് മുഖേന ഫ്ലെക്സി ഫിക്സ്ഡ് ഡെപ്പോസിറ്റായി മാറ്റിയിട്ടുള്ള തുകകളും ഉൾപ്പെടുന്നതിനാൽ ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പുമായി വൻതുകയുടെ വ്യത്യാസം വരുന്നു. ആയതിനാൽ ഫ്ലെക്സി ഫിക്സ്ഡ് ഡെപ്പോസിറ്റ് തുക ഉൾപ്പെടെയുള്ള 31.3.24ലെ ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പുമായി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽ ചേർത്തിരിക്കുന്നതു കൂടാതെ ഹെഡ്കോഡ് 450210120 – എസ്.ബി.ഐയിലുള്ള പ്രോപ്പർട്ടി ടാക്സ് ഇ-പെയ്മെന്റ് അക്കൗണ്ട് 00000040238851828ന്റെ ബാങ്ക് ബുക്ക് ബാലൻസും പാസ് ബുക്ക് ബാലൻസും തമ്മിൽ 31.3.24ൽ പൊരുത്തപ്പെടുത്തിയിട്ടുള്ളതും കൃത്യമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്. റീകൺസിലിയേഷനുമായി ബന്ധപ്പെട്ട അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ 31/15.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-11 ബാങ്ക് അക്കൗണ്ട് മുഖേന ലഭിച്ച തൊഴിൽ നികുതി തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

തൊഴിൽ നികുതി സ്വീകരിക്കുന്നതിനു വേണ്ടി 29.01.2020 തീയതിയിൽ നഗരസഭയുടെ പേരിൽ സൗത്ത് ഇൻഡ്യൻ ബാങ്കിലെ മരട് ശാഖയിൽ തുടങ്ങിയ അക്കൗണ്ട് നമ്പർ 0677053000003730 ന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ 30.03.2023 തീയതിയിലെ ബാലൻസ് 226087.70/- രൂപയാണ്. എന്നാൽ ടി അക്കൗണ്ടിന്റെ വിവരങ്ങൾ 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഏത് ഹെഡിലാണ് തൊഴിൽ നികുതിയ്ക്കു വേണ്ടി പിരിച്ചിട്ടുള്ള പ്രസ്തുത തുകകൾ വരവ് വച്ചിട്ടുള്ളതെന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 17.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകൃയറി നം.41 ന് മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിന്റെ വിവരങ്ങൾ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച പ്രസ്തുത തുകയും വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-1-12 തിരികെ നൽകാനുള്ള ഡെപ്പോസിറ്റുകൾ - കൃത്യമായ രേഖകൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി.7 ഷെഡ്യൂൾ പ്രകാരം ₹94,16,190.00 വിവിധ ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയ്ക്ക് ബാദ്ധ്യത ഉണ്ട്. പരിശോധനയ്ക്കായി ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശീർഷകം തിരിച്ചുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ബാദ്ധ്യത തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

കോഡ്	ശീർഷകം	തുക
340100101	Contractors EMD-Muncipal Fund	₹12,55,188
340100102	Contractors EMD-Specific Grants	₹12,500
340100105	Suppliers EMD-Muncipal Fund	₹1,30,478
340100108	Suppliers EMD-Scheme Expenditure	₹4500
340100200	Security Deposit	₹7500
340100201	Contractors SD-Muncipal Fund	₹1,12,267
340800100	Deposit Received From Others	₹62,52,951
340100205	Suppliers SD-Muncipal Fund	₹94,462
340100300	Retention Money	₹11,151
340100301	Contractors Retention Money	₹7,37,025
340200200	Auction Deposit	₹4,16,381
340200100	Rent Deposit	₹2,61,787
340200600	Election Deposit	₹1,20,000
	ആകെ	₹94,16,190

ഓരോ ഇനത്തിലും ഡെപ്പോസിറ്റ് നൽകിയിട്ടുള്ള വ്യക്തി, തുക, തീയതി എന്നിങ്ങനെ ശീർഷകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-1-13 ബാങ്ക് അക്കൗണ്ടിലെ തുകകൾക്ക് തത്തുല്യമായ ഗ്രാന്റ് ഹെഡ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

PMAY (Axis Bank-921010030210966), NULM (Canara Bank-110005182636), AMRUT(Indian Bank-7280198601), SBM (ICICI Bank-323501000435) എന്നീ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് ലയബിലിറ്റിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത വർഷം ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-14 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവായി 19,84,101/- രൂപയാണ് (കോഡ്-160109900,Other Revenue Grants, കോഡ്-250200100, Expenditure On Poverty Eradication Program) ചേർത്തിട്ടുള്ളത്. എന്നാൽ എഴുതി സൂക്ഷിക്കുന്ന ക്യാഷ് ബുക്ക് പ്രകാരമുള്ള ആകെ പദ്ധതി ചെലവ് ₹29,86,431/-രൂപയാണ്.

1-1-15 ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള സെസ് തുക കൃത്യമല്ല

ബി-15 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വസ്തു നികുതി കുടിശ്ശിക തുക 1,41,14,475/-രൂപയാണ് (98,43,354 + 42,71,121) ഈ തുകയ്ക്ക് ആനുപാതികമായി വരേണ്ട സെസ് 6,72,118/-രൂപയാണ്. എന്നാൽ 10,37,838/-രൂപയാണ് സെസായി ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത തുടർവർഷം പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.-15/14.01.25).

1-1-16 കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ കൃത്യമല്ല

1. ഓഡിറ്റ് വർഷത്തിൽ നഗരസഭയുടെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം- സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വാർഷിക പദ്ധതി ചെലവും വാർഷിക ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഷിക പദ്ധതി പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്-ടൈഡ് ഗ്രാന്റും അൺടൈഡ് ഗ്രാന്റും (I.6 Schedule)	വ്യത്യാസം
₹3,54,49,012	₹3,15,12,252	₹39,36,760

2.ബാലൻസ് ഷെഡ്യൂളുകളിലെ നീക്കിയിരിപ്പിൽ വ്യത്യാസം

2023-24 വാർഷിക ധനകാര്യപത്രികയിലെ ബി.17 ഷെഡ്യൂൾ പ്രകാരം ബാങ്ക് ബാലൻസ് സി.എഫ്.സി.ഗ്രാന്റിന്റെ നീക്കിയിരുപ്പ് ₹25,79,448/-രൂപയും എന്നാൽ ബി.4 ഷെഡ്യൂൾ പ്രകാരം ഗ്രാന്റ് നീക്കിയിരുപ്പ് (ഹെഡ്-320200111) ₹42,92,999/-രൂപയുമാണ്. 17,13,551/-രൂപയുടെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയില്ല.

3. വരവ് തുക ഹെഡ് മാറി അക്കൗണ്ട് ചെയ്തു

ബേസിക് ഗ്രാന്റിനത്തിൽ ജി.ഒ(ആർ.ടി.) 765/2024/ഫിൻ/1.2.24 പ്രകാരം വരവ് വന്ന 68,22,000/-രൂപ 320200112 നമ്പർ ഹെഡിന് പകരം ടൈഡ് ഗ്രാന്റ് ഹെഡായ 320200111 ൽ വരവ് വെച്ചു.

4. വരവ് തുകയിൽ ബാങ്ക് പലിശ ഉൾപ്പെടുത്തിയില്ല.

ബാങ്ക് പാസ്ബുക്ക് (സിറ്റി യൂണിയൻ ബാങ്ക്, അക്കൗണ്ട് നം. 12713435) അനുസരിച്ച് പലിശയിനത്തിൽ ആകെ 4,70,536/-രൂപ വരവുണ്ട്. എന്നാൽ ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

5. വരവ് -ചെലവ് തുകകൾക്കനുസൃതമായി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റിന്റെ വാർഷികകണക്കനുസരിച്ചുള്ള മുന്നിരിപ്പ്, വരവ് ചെലവ് തുകകൾക്ക് ആനുപാതികമായ നീക്കിയിരിപ്പല്ല ബി-4 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

മുന്നിരിപ്പ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള	ആകെ	വാർഷിക ധനകാര്യ പത്രിക	നീക്കിയിരിപ്പ്

B4(2022-23)	വരവ് (RP Schedule-6&24)		പ്രകാരമുള്ള ചെലവ് (I.6 Schedule)	B4(2023-24)
₹1,39,50,511	₹3,44,32,500	₹4,83,83,011	₹3,15,12,252	**₹1,68,70,759**

എന്നാൽ ബി4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുക 42929991 ആണ്. നീക്കിയിരിപ്പ് തുകയിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.
പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ് (ഓഡിറ്റ് എൻകൃയറി നം-08/09.01.2025)

1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 22.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 08.02.2024 ലെ (1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

	22.03.2023-ലെ (1)-ാം നമ്പർ തീരുമാന പ്രകാരം	08.02.2024ലെ (1)-ാം നമ്പർ തീരുമാന പ്രകാരം
മുന്നിരിപ്പ് ഉൾപ്പടെയുള്ള വരവ്	78,54,41,273.00	71,85,29,739.00
ചെലവ്	72,93,00,000.00	55,73,53,000.00
നീക്കിയിരിപ്പ്	5,61,41,273.00	16,11,76,739.00

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹22,07,72,739.22
വരവ്	₹25,96,14,599.00
ആകെ	₹48,03,87,338.22
ചെലവ്	₹21,41,18,751.00
നീക്കിയിരിപ്പ്	₹26,62,68,587.22

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ചെലവഴിക്കാതെ ലാപ്സായ തുക(₹)
വികസനഫണ്ട്-പൊതുവിഭാഗം	0	35637732	35637732	27441990	0	8195742
വികസനഫണ്ട്-എസ്.സി.പി.	0	14556878	14556878	7420308	0	7136570
വികസനഫണ്ട്-ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് – റോഡ്	0	3203350	3203350	2215620	0	987730
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	7135400	7135400	3816354	0	3319046
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) **	1232232	-	-	-	2579448	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) **						
ഹെൽത്ത് ഗ്രാന്റ് 320802000	8788028	6771902	15559930	5288595	10271335	
കേന്ദ്ര സർക്കാർ ഗ്രാന്റ്	12093749	1228621	13322370	760000	12562370	

(PMAY+SNP) 320100100						
മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (RMSA) 320809900	250000	0	250000	0	250000	
എസ്.ബി.എം ഫണ്ട്	0	1099807	1099807	1099807	0	
അമൃത്	0	4718466	4718466	4718466	0	
എൻ.യു.എൽ.എം	0	291670	291670	291670	0	
KSWMP	0	99695	99695	99695	0	

എ) വികസനഫണ്ട് പൊതുവിഭാഗം*

ഉത്തരവത്തിൽ കുറവ് ചെയ്ത ₹32,62,467/-രൂപ (ലൈഫ് വായ്പ-14,66,667/-, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം-17,95,800/-) ആകെ വരവിൽ ഉൾപ്പെടുന്നു.

ബി)വികസനഫണ്ട് എസ്.സി.പി*

ഉത്തരവത്തിൽ കുറവ് ചെയ്ത ₹93,333/-രൂപ (ലൈഫ് വായ്പ) ആകെ വരവിൽ ഉൾപ്പെടുന്നു.

സി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied, Untied)**

എ.സി.ആർ അനുസരിച്ചുള്ള വരവും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വരവും പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകളിലെ വ്യത്യാസത്തിനും വിശദീകരണം നൽകിയിട്ടില്ല. നീക്കിയിരിപ്പ് തുക ബി-4ഷെഡ്യൂളിലും RP ഷെഡ്യൂളിലും വ്യത്യാസപ്പെട്ടാണുള്ളത്. ബാങ്ക് പലിശ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി വരവ് ചെലവ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് (ഓഡിറ്റ് എൻക്വയറി നം-8/09.01.25) തുകകൾ മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-1-16 കാണുക.

ഡി)SNA അക്കൗണ്ടിൽ വരവ് -ചെലവ് രേഖപ്പെടുത്തിയിട്ടുള്ള NULM, AMRUT, SBM എന്നീ കേന്ദ്രഫണ്ടുകൾക്ക് അവയുടെ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ഗ്രാന്റ് ഹെഡ് സൃക്ഷിച്ചിട്ടില്ല. ഖണ്ഡിക 1-1-13 കാണുക.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	പൂർത്തീകരിച്ചത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
386	275693541	196	113465195	117	79	190	30.31%

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
ഭരണചെലവ്	1514	5932346	5933860	3,68,184	72947429
ഗുണഭോക്താക്കൾക്ക് നല്കിയത്		0	0	26,18,247	
ആകെ	1514	5932346	5933860	29,86,431	

ക്യാഷ് ബുക്ക് അനുസരിച്ചുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മേൽ വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1084800	91
വിധവ പെൻഷൻ	14718800	1342
വാർദ്ധക്യകാല പെൻഷൻ	37878500	3548
വികലാംഗ പെൻഷൻ	3283100	295
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	925200	81
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	0	0
മിശ്രവിവാഹിതർക്കുള്ള ധനസഹായം	0	0

1-8 കൃാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള കൃാഷ് നീക്കിയിരിപ്പ് പരിശോധന 06.01.2025 ൽ 3 പി.എം.ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ₹5,738/- കൃാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങളിലേക്ക് ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഇതര ഏജൻസികളിൽ നിന്നും വേതനം കൈപ്പറ്റുന്ന വയോമിത്രം കോർഡിനേറ്റർ പോലെയുള്ള താല്ക്കാലിക ജീവനക്കാർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂറായി തുക അനുവദിക്കുന്നത് അവസാനിപ്പിക്കേണ്ടതും മുൻകൂറുകൾ നൽകുന്നത് നഗരസഭയിൽ പി.എസ്.സി. മുഖേന നിയമിതരായിട്ടുള്ള സ്ഥിരം ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്.

2. പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ആവശ്യകത സാക്ഷ്യപത്രം ലഭ്യമാക്കിയതിനു ശേഷം മാത്രം വാഹനങ്ങളുടെ തകരാർ പരിഹരിക്കുന്നതിന് തുക ചെലവഴിക്കേണ്ടതാണ്.

3. വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് നൽകേണ്ടതുമാണ്.

4. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പ്രോജക്ട് ചെലവിന്റെ ഭാഗമാക്കേണ്ടതും സുലേഖ ചെലവ് പത്രികയിൽ തുക കൃത്യമായി ഉൾപ്പെടുന്നു എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

5. വിവിധ സാധന സാമഗ്രികൾ വാങ്ങുമ്പോൾ വിശദാംശങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

6. കക്ഷികൾ നഗരസഭയുമായി വിവിധ ആവശ്യങ്ങൾക്ക് വെയ്ക്കുന്ന കരാറുകളിൽ കരാർ നമ്പരും തീയതിയും രേഖപ്പെടുത്തേണ്ടതും കരാറിൽ സെക്രട്ടറി ഒപ്പു വെച്ച് സൂക്ഷിക്കേണ്ടതുമാണ്. ഒന്നും എഴുതാത്ത മുദ്രപ്പത്രങ്ങൾ ഫയലിൽ വെയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

7. വിവിധ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സുകൾ കാലതാമസം വരുത്താതെ സകർമ്മയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

8. കാഷ്ബുക്കിൽ തനത് ഫണ്ടിൽ നിന്നും നൽകുന്ന ചെക്കുകളുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. BIMS, PFMS തുടങ്ങിയ സംവിധാനങ്ങൾ വഴി നടക്കുന്ന ചെലവുകളുടെ

വിവരങ്ങളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ പണമിടപാടുകളും അക്കൗണ്ടന്റ് മുഖേന മാത്രം നടത്തേണ്ടതാണ്.

9. ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവ ടെൻഡർ നടപടികൾ കൂടാതെ സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും അക്രഡിറ്റഡ് ഏജൻസിയായി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകരിച്ചു നൽകിയതും കാലാ കാലങ്ങളിൽ പുതുക്കി നൽകുന്നതുമായ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ മാത്രം വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്. വാങ്ങുമ്പോൾ സാധനങ്ങളുടെ ഇൻവോയ്സ് പ്രകാരമുള്ള വില, സ്പെസിഫിക്കേഷൻ എന്നിവ പ്രൈസ് ലിസ്റ്റിൽ നൽകിയതു തന്നെയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

10. നിലവിൽ ആംബുലൻസ്, പൊതുശ്മശാനം തുടങ്ങിയ സേവനങ്ങൾ സൗജന്യമായാണ് നഗരസഭാ പരിധിയിലെ താമസക്കാർക്ക് നൽകി വരുന്നത്. 2 ആംബുലൻസുകളാണ് നഗരസഭയ്ക്ക് ഉള്ളത്. ആംബുലൻസ് ഡ്രൈവർമാർക്കുള്ള വേതനവും ആംബുലൻസിന്റെ ഇന്ധനം, മെയിന്റനൻസ് ചെലവുകളും ശ്മശാനം നടത്തിപ്പുകാരനുള്ള കരാർ തുകയും നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്യുന്നത്. പ്രതിമാസം വലിയൊരു തുക ഇപ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നു. സർക്കാർ, അർദ്ധ സർക്കാർസ്ഥാപനങ്ങളും ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങൾ നൽകുന്ന സേവനങ്ങൾക്കെല്ലാം ഫീസ് ഈടാക്കുന്നുണ്ട് എന്നിരിക്കെ മരട് നഗരസഭയ്ക്ക് നഗരസഭ പരിധിയിലെ സാമ്പത്തിക ശേഷിയുള്ള താമസക്കാരിൽ നിന്നും പൊതു ശ്മശാനം, ആംബുലൻസ് തുടങ്ങിയ സേവനങ്ങൾക്ക് നിശ്ചിത ഫീസ് ഈടാക്കാവുന്നതും ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി സൗജന്യ സേവനം പരിമിതപ്പെടുത്താവുന്നതും മരട് നഗരസഭയ്ക്ക് പുറത്തു നിന്നുമുള്ളവർക്ക് പൊതുശ്മശാനവുമായി ബന്ധപ്പെട്ട സേവനങ്ങൾ സൗജന്യമായി നൽകി വരുന്നത് അവസാനിപ്പിക്കാവുന്നതുമാണ്.

1-10 നഗരസഭയിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ-അവലോകനം

മരട് നഗരസഭയിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2017-2018 വർഷം മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിലെ മരട് നഗരസഭക്ക് 12.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം ഉണ്ട്. 33 വാർഡുകളുള്ള നഗരസഭയിലെ ജനസംഖ്യ 50320 ആണ് . ആൾതാമസമുള്ള 11840 വീടുകളും 1823 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2017-18 വർഷം ആണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. ആദ്യ ഘട്ടങ്ങളിൽ മന്ദഗതിയിലായിരുന്ന ഹരിത കർമ്മസേന പ്രവർത്തനം 2021 മുതലാണ് ഊർജ്ജിതമായത്. നിലവിൽ 11166 വീടുകളിൽ നിന്നും 1374 സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന മാലിന്യം ശേഖരിച്ചു വരുന്നു. 33 വാർഡുകളിലായി ആകെ 62 ഹരിത കർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടു വരുന്നു.

മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കുന്ന പ്രകാരം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ടി കലണ്ടർ യൂസർ ഫീ കളക്ഷൻ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ	എല്ലാ മാസവും
ഇ-മാലിന്യം(ട്യൂബ് ലൈറ്റ്, സി.എഫ്.എൽ, ബാറ്ററി ഉൾപ്പെടെ)	ജനുവരി, ജൂലൈ

തുണി മാലിന്യം	ഫെബ്രുവരി, ആഗസ്റ്റ്
ചിരട്ട, തൊണ്ട്, ഉപയോഗശൂന്യമായ ടയർ	മാർച്ച്, സെപ്തംബർ
ചെരുപ്പ്, ബാഗ്, തെർമ്മോകോൾ, തുകൽ, കാർപെറ്റ്	ഏപ്രിൽ, ഒക്ടോബർ
കണ്ണാടി, കൂപ്പി, ചില്ല മാലിന്യങ്ങൾ	മെയ്, നവംബർ
പോളിഎത്തിലീൻ പ്രിന്റിങ്ങ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ, മരുന്ന് സ്ലിപ്പുകൾ	ജൂൺ, ഡിസംബർ

മാലിന്യ ശേഖരണം ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം, വാട്ട്സ് ആപ്പ് സന്ദേശങ്ങൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും 60/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് പ്രതിമാസം യൂസർ ഫീസ് ഇനത്തിൽ ഈടാക്കുന്നത്.

മാലിന്യം വേർതിരിക്കൽ

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ആദ്യം ഡിവിഷനുകളിലെ മിനി എം.സി.എഫുകളിൽ എത്തിക്കുന്നു. 33 ഡിവിഷനുകളിലായി 55 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും വാഹനത്തിൽ 16, 31, 33 ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന എം.സി.എഫിലേക്കും പിന്നീട് ഡിവിഷൻ 22 ൽ പ്രവർത്തിക്കുന്ന ആർ.ആർ.എഫിലക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ ഹരിതകർമ്മ സേനാംഗങ്ങൾ വീട്ടുകാർക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നുണ്ട്. സ്വാപ്പ് ഷോപ്പ് സ്ഥാപിച്ചിട്ടുണ്ട്. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ബോധവത്കരണ ക്ലാസ്സുകളും ഹരിത സഭകളും നടത്തുന്നുണ്ട്. ശുചിത്വ ബോർഡുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹66,96,760/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ യുടെ 90% ആണ് വേതനമായി നൽകുന്നത്. പഞ്ചായത്തിലെ 62 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹11720/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യ വികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് ആറ് ഇലക്ട്രിക്ക് ഓട്ടോകൾ നിലവിലുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഓഫീസ് സംവിധാനം സജ്ജീകരിച്ചിട്ടില്ല.

പാരിസ്ഥിതിക ആഘാതം

പൊതു നിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്ന വ്യക്തികളെ കണ്ടെത്തി പിഴ ഈടാക്കുന്നുണ്ട്. രാത്രികാല സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. നഗരസഭയുടെ മൂവബിൾ ക്യാമറ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സംഘടിപ്പിച്ച പരിശീലനം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംബന്ധിച്ച് കെൽട്രോൺ പരിശീലനം നൽകിയിട്ടുണ്ട്.

ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പ്രതിമാസം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ അവലോകനം നടത്തി വരുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഫോൺ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവ് പ്രവർത്തനത്തിൽ ഒരു പരിമിതിയായി നിലനിൽക്കുന്നു. ക്യു ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കി സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായിട്ടുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1.അടിസ്ഥാന വിവരങ്ങൾ

നിലവിൽ മൂന്ന് എം.സി.എഫുകൾ 16, 31, 33 ഡിവിഷനുകളിലായി പ്രവർത്തിക്കുന്നുണ്ട്. ഉറവിടത്തിൽ നിന്നും വേർതിരിച്ച് കൊണ്ട് വരുന്ന മാലിന്യങ്ങൾ സംഭരിച്ച് വെയ്ക്കുന്ന എന്നല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും എം സി എഫിൽ നടക്കുന്നില്ല. എം സി എഫുകളിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവയാണുള്ളത്. ശുചിമുറി സൗകര്യം ഇല്ല. ആർ.ആർ.എഫ് 22-ാം ഡിവിഷനിൽ പ്രവർത്തിക്കുന്നു. ആർ.ആർ.എഫിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ്ങ് ഏരിയ, മെഷീനറി ഏരിയ, ശുചിമുറി എന്നിവയും ബെയ്ലിംഗ് യൂണിറ്റുമുണ്ട്. എം.സി.എഫിന്റെയും ആർ.ആർ.എഫിന്റെയും ചിത്രം താഴെ ചേർക്കുന്നു.

എം.സി.എഫ്



ഡിവിഷൻ 16



ഡിവിഷൻ 31



ഡിവിഷൻ 33

ആർ.ആർ.എഫ്







2. മാലിന്യം കൈമാറ്റം ചെയ്യുന്നതിലെ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 25ാം തീയതിക്കകം എം.സി.എഫിലേയ്ക്കും തുടർന്ന് ആർ.ആർ.എഫിലേയ്ക്കും എത്തിക്കുന്നുണ്ട്. പിന്നീട് കരാർ സ്ഥാപനത്തിന് മാലിന്യം കൈമാറുന്നു.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന മൂന്ന് എം സി എഫുകൾക്ക് 73, 82, 139 ചതുരശ്ര മീറ്റർ വീതം വിസ്തൃതിയുണ്ട്. ആർ.ആർ.എഫിന് 362 ചതുരശ്ര മീറ്റർ വിസ്തൃതിയുണ്ട്. പരമാവധി 20 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

5. ശുചിത്വ മാനദണ്ഡങ്ങൾ

മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി വെച്ചിട്ടുണ്ട്. ആർ.ആർ.എഫിൽ കുടിവെള്ള ലഭ്യത, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

നഗരസഭ ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ട് മാലിന്യം കൈമാറുന്നുണ്ട്. വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10/-രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് നഗരസഭ തുക നൽകുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം വളരെയേറെ പ്രാധാന്യമുള്ളതാണ്. ഹരിത കർമ്മസേന റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്ത് അംഗങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാഹനം ലഭ്യമായെങ്കിലും കരാറടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചാണ് ഡിവിഷനുകളിൽ നിന്ന് എം.സി.എഫിലേയ്ക്കും ആർ.ആർ.എഫിലേക്കും മാലിന്യം നീക്കം ചെയ്യുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ഈ ചെലവ് ഒഴിവാക്കാവുന്നതാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തി പകരം പരിസ്ഥിതി സൗഹൃദമായ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഹരിത കർമ്മസേനാംഗങ്ങൾക്ക് അധിക വരുമാനം ഉറപ്പു വരുത്തുന്നതിന് വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം, ഇനോക്കുലം വിതരണം, ബയോബിൻ സൂപ്പർ വിഷൻ തുടങ്ങിയ പ്രവൃത്തികൾ ഹരിത കർമ്മസേനാംഗങ്ങളെ ഏൽപ്പിക്കാവുന്നതാണ്. തയ്യാറാക്കിയ മാലിന്യശേഖരണ കലണ്ടറിൽ ഉൾപ്പെടുത്തി മെറ്റൽ സ്ക്രാപ്പ്, പഴയ ന്യൂസ്പേപ്പർ എന്നിവ ശേഖരിച്ച് വിൽപ്പന നടത്തി സേനാംഗങ്ങൾക്ക് അധിക വരുമാനം ഉണ്ടാക്കാവുന്നതാണ്.

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

2)ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം നഗരസഭയുടെ പരിധിയിൽ 1215 സ്ഥാപനങ്ങളുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 231 സ്ഥാപനങ്ങൾ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 09.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് മറുപടി ലഭ്യമാക്കി. മറുപടി പരിഗണിച്ചതിനു ശേഷം, അവശേഷിക്കുന്ന പരാമർശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ലൈസൻസ് എടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി കൃത്യമായി ഈടാക്കേണ്ടതുമാണ്.

1-12 ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം

തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

2023-24 സാമ്പത്തിക വർഷത്തെ സഞ്ചയ സോഫ്റ്റ്വെയറിലെ ലൈസൻസ് അപേക്ഷകൾ, വസ്തു നികുതി വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്വെയറിൽ പാർപ്പിടാവശ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	റിമാർക്ക്സ്
1	1/164	റിവർസൈഡ് ഹോം സ്റ്റേ	കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്
2	1/498	മാതാ മറൈൻസ്	,,
3	14/83	ശിവപ്രസാദം ട്യൂഷൻ സെന്റർ	,,
4	24/452	വൈറ്റ് ഹൗസ് ഹോം സ്റ്റേ	,,

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 16.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.40 ന് മറുപടി ലഭ്യമാക്കിയതിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി അടവാക്കുമ്പോൾ തന്നെ പ്രസ്തുത സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും തെറ്റായ ഉപയോഗക്രമത്തിൽ ഉള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

1-13 സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി

സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	കെട്ടിട ഉടമയുടെ പേര്	വിസ്തീർണ്ണം/ കെട്ടിടത്തിന്റെ ഉപയോഗക്രമം	നിലവിലെ വസ്തു നികുതി നിരക്ക്	ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക്
1	18/384 എ	പി.എസ്. മുഹമ്മദ് അഷ്റഫ് & ഇമ്പിച്ചി പാത്തുമ്മാബി	320.68 ച.മീ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	60	80
2	23/789/1	സ്വീറ്റി സുവർണ്ണ	106.64 ച.മീ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	60	80
3	23/35/2	ഹാറൂൺ, സീബ സുലേഖ	177.18 ച.മീ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	60	80
4	27/167/1	റാബിയത്ത് ജലാലുദീൻ	186.38 ച.മീ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	60	80
5	24/345/1	ജോർജ്ജ്, സീന ജെനിഫർ	278.80 ച.മീ വാണിജ്യാവശ്യത്തിനുള്ളവ 200	60	120

		ജോർജ്ജ്, അരുൺ ആൽഡ്രിൻ ജോർജ്ജ്	ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ		

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 08.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 3 ന് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പുതുക്കി നിശ്ചയിക്കേണ്ടതും ആയത് പ്രകാരമുള്ള വസ്തു നികുതി നിരക്ക് പുനർ നിർണ്ണയിച്ച് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 14,114,475.10/- രൂപയാണ്. ആകെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക
1	വസ്തു നികുതി കുടിശ്ശിക (തൻവർഷം)	98,43,354.00
2	വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്)	42,71,121.10
	ആകെ	14,114,475.10

സഞ്ചയ സോഫ്റ്റ്വെയറിലെ വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ പ്രകാരം വിവിധ വാർഡുകളിലെ വളരെയധികം കെട്ടിടങ്ങളിൽ നിന്നും ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശികയുടെ കാരണം ആരാഞ്ഞു കൊണ്ട് 08.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 4/08.01.25 ന് മറുപടി ലഭ്യമാക്കി. 2023-24 സാമ്പത്തിക വർഷത്തിലെ കുടിശ്ശികയിൽ നിന്നും 1,20,93,864/- രൂപ തൻ വർഷത്തിൽ പിരിച്ചെടുത്തെന്നും ബാക്കി തുക ഈടാക്കുന്നതിന് ആർ.ആർ, കോടതി വ്യവഹാരം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് നഗരസഭാ അധികൃതർ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.
കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കി ഡിമാന്റ് ചെയ്യുന്ന നികുതിയുടെ 100% തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15 ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, ഫോറം മാളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനങ്ങളുടെ സംരംഭത്തിന്റെ തരം ഉത്പാദന മേഖല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഗൂഗിളിൽ തിരച്ചിൽ നടത്തിയതിൽ പ്രസ്തുത സ്ഥാപനങ്ങൾ സേവന മേഖലയിൽ ഉൾപ്പെടുന്നവയാണെന്ന് കാണുന്നു. തന്മൂലം ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ള ലൈസൻസ് ഫീസിൽ ചുവടെ ചേർക്കുന്നതു പ്രകാരം കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	കെട്ടിട നം.	അപേക്ഷ പ്രകാരം സ്ഥാപനത്തിന്റെ തരം/ മൂലധന നിക്ഷേപം/ ഈടാക്കിയ ലൈസൻസ് ഫീസ്	സ്ഥാപനത്തെ ഉൾപ്പെടുത്തേണ്ട തരം/ ഈടാക്കേണ്ടതായ ലൈസൻസ് ഫീസ്
1	ഡാ മിലാനോ ലെതർ പ്രൈവറ്റ് ലിമിറ്റഡ്	2/288/സി30	ഉത്പാദന മേഖല, 43 ലക്ഷം, 1000/- രൂപ	സേവന മേഖല, 5000/-രൂപ
2	റെയ്മണ്ട് ലിമിറ്റഡ്	2/288/ഡി36	ഉത്പാദന മേഖല, 50 ലക്ഷം,	സേവന മേഖല, 5000/-രൂപ

			1000/- രൂപ	
3	ഹൈഡ് സൈൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്	2/288/സി31	ഉത്പാദന മേഖല, 45 ലക്ഷം, 1000/- രൂപ	സേവന മേഖല, 5000/-രൂപ

മേൽ വിഷയം സംബന്ധിച്ച് 12.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന്, മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായ ലൈസൻസ് ഫീസ് ഈടാക്കാനാവശ്യമായ നടപടികൾ കൈക്കോളേളണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

നഗരസഭയുടെ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡു തല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2023-24 സാമ്പത്തിക വർഷത്തിലെ സഞ്ചയ സോഫ്റ്റ് വെയറിലെ ലൈസൻസ് അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	കെട്ടിട നമ്പർ
1	ശ്രീജിത്ത് ക്ലിനിക്ക്	20/13/397
2	പാരമ്പര്യ ചികിത്സ	21/268/എ1
3	സീൻ ഡെന്റൽ കെയർ	27/45-5
4	മോഡേൺ ഡെന്റൽ	27/183, 27/184
5	നെട്ടൂർ ക്ലിനിക്ക്	27/185
6	സ്പെഷ്യാലിറ്റി ഡയഗണോസ്റ്റിക്ക് സെന്റർ	28/163/1

പരാമർശത്തിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പാരാ മെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ -അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിൽ 16 വാടക കെട്ടിടങ്ങളുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക, വാടക രജിസ്റ്റർ, വാടക കരാറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിലെ ബി – 15 ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയവയിൽ നിന്നും ലഭിക്കേണ്ടതായ ആകെ കുടിശ്ശിക 4,87,509/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക
1	വാടക കുടിശ്ശിക (തൻവർഷം)	4,16,052
2	വാടക കുടിശ്ശിക (മുൻവർഷങ്ങളിലേത്)	71,457
	ആകെ	4,87,509

2. നഗരസഭയുടെ 13 കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയതിൽ ഷോപ്പ് നമ്പർ 6, 9 എന്നീ കെട്ടിടങ്ങളിലെ വാടകക്കാരുമായി മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. ബാക്കി 11 വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല.

3. ഷോപ്പ് നമ്പർ 1, 10, 11 എന്നീ കടമുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. നിലവിൽ പ്രസ്തുത കടമുറികൾ ലേലം ചെയ്തു നൽകിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് 08.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് വാടക കുടിശ്ശികയിൽ ഉൾപ്പെട്ട 384219/- രൂപയുമായി ബന്ധപ്പെട്ട് ബഹു.മുൻസിഫ് കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടെന്നും കോടതിയുടെ അന്തിമവിധി ലഭ്യമായിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭ വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടകക്കാർ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ്. 2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും നഗരസഭാ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾ തീർപ്പാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും വാടക കുടിശ്ശിക ഈടാക്കുന്ന മുറയ്ക്ക് ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-18 ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് എൻക്വയറികൾ നൽകിയതിനെ തുടർന്ന് 48460/-രൂപ തനത് ഫണ്ടിൽ അടവാക്കി

2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകൾ ഈടാക്കി അടവാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം / തീയതി	ഇനം/ തുക അടവാക്കിയ സ്ഥാപനത്തിന്റെ പേര്	രസീത് നം./ തീയതി	തുക
11/ 09.01.2025	തൊഴിൽ നികുതി, ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂൾ	ആർ-എം071100-24017828/ 10.01.2025	330/-
11/ 09.01.2025	തൊഴിൽ നികുതി, ഹോട്ടൽ ടിബ്യൂട്ട് റോയൽ	ആർ-എം071100-24017986/ 16.01.2025	330/-
11/ 09.01.2025	തൊഴിൽ നികുതി, മരട് പോസ്റ്റ് ഓഫീസ്	ആർ-എം071100-24017931/ 15.01.2025	330/-
11/ 09.01.2025	തൊഴിൽ നികുതി, പർവേസ് പ്രോകളർ ബോഡി ഷോപ്പ്	ആർ-എം071100-24017980/ 16.01.2025	180/-
11/ 09.01.2025	തൊഴിൽ നികുതി, ഫോറം മാൾ	ആർ-എം071100-24017930/ 16.01.2025	540/-
11/ 09.01.2025	തൊഴിൽ നികുതി, അബി എബ്രഹാം (കരാറുകാരൻ)	ആർ-എം071100-24017911/ 14.01.2025	1250/-

11/ 09.01.2025	തൊഴിൽ നികുതി, പി.എച്ച്.സക്കീർ (കരാറുകാരൻ)	ആർ-എം071100-24017815/ 10.01.2025	5750/-
22/ 14.01.2025	ലൈസൻസ് ഫീസ്, പാൻ സിനിമാസ്	ആർ-എം071100-24018056/ 17.01.2025	20750/-
14/ 12.01.2025	ലൈസൻസ് ഫീസ്, ഇ.വി.എം മോട്ടോഴ്സ്	ആർ-എം071100-24018048/ 17.01.2025	4000/-
14/ 12.01.2025	ലൈസൻസ് ഫീസ്, ദി കൊച്ചിൻ ലെഗസി	ആർ-എം071100-24018054/ 17.01.2025	5000/-
14/ 12.01.2025	ലൈസൻസ് ഫീസ്, മൈജോ ഓട്ടോമൊബൈൽസ്	ആർ-എം071100-24018053/ 17.01.2025	10000/-
ആകെ			48460/-

1-19 ഇ-പേയ്മെന്റ് അക്കൗണ്ട്-ഐ.കെ.എം.-ൽ നിന്നും വൻതുക ലഭ്യമാകാൻ അവശേഷിക്കുന്നു

ഓഡിറ്റിനായി ഹാജരാക്കിയ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള നഗരസഭയുടെ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (നം-40238851828) 31.3.2024 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഓൺലൈൻ ആയി നഗരസഭയ്ക്ക് ലഭിച്ച വസ്തു നികുതിയിനത്തിലും ഫീസ് ഇനത്തിലും 3,96,87,245/-രൂപ ഐ.കെ.എം-ൽ നിന്ന് ലഭ്യമാകുവാനുള്ളതായി കാണുന്നു. ഇതിൽ എത്ര തുക നാളിതുവരെ ലഭ്യമായി എന്നും ബാക്കി തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-44/17.01.25) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയ്ക്ക് അർഹതപ്പെട്ട തുക ഐ.കെ.എം.ൽ നിന്നും പൂർണ്ണമായും ലഭ്യമാക്കി രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 1 കോടി 75 ലക്ഷം രൂപയുടെ മുൻകൂറുകൾ കൈപ്പറ്റിയവർ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ബി.18 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചതായി കാണുന്നില്ല. വിശദമായ വിവരങ്ങൾ രേഖപ്പെടുത്തി മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ധനകാര്യ പത്രികകൾ പരിശോധിച്ചതിൽ ഇവ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നവയാണെന്ന് വ്യക്തമായിട്ടുണ്ട്.

കോഡ്	മുൻകൂർ ഇനം	തുക	റിമാർക്സ്
460100700	മിസലേനിയസ് അഡ്വാൻസ്	10,43,889/-	2020-21 മുതൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി വരുന്നു.
460600300	Water Deposits	78,91,941/-	2021-22 മുതൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി വരുന്നു.
460400101	Advance To Suppliers	14,04,000/-	2019-20 മുതൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി വരുന്നു.
460400202	Advance To Contractors	6,98,983/-	2022-23 മുതൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി വരുന്നു.
460500301	Advance To Projects	64,80,101/-	2022-23 മുതൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി വരുന്നു.
	ആകെ	1,75,18,914	

മേൽ മുൻകൂറുകൾ കൈപ്പറ്റിയവർ ആരൊക്കെയാണെന്നത് സംബന്ധിച്ച വിശദവിവരം നഗരസഭയിൽ ലഭ്യമല്ല. ക്രമീകരിക്കാത്ത മുൻകൂറുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി മുൻകൂർ രജിസ്റ്റർ തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻകൂറുകൾ അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവ് രേഖകൾ നൽകി തുക ക്രമീകരിക്കാത്ത വ്യക്തികളെ കണ്ടെത്തി പലിശ സഹിതം തുക തിരികെ ഈടാക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി.നം-

16/14.01.25) വ്യക്തികളെ കണ്ടെത്തി 18% പലിശ സഹിതം തുക തിരികെ ഈടാക്കുന്നതാണെന്നും മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. മുൻകൂർ കൈപ്പറ്റിയവരെ കണ്ടെത്തി പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതും തുകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-21 നഗരസഭയ്ക്ക് ലഭിച്ച 11 ലക്ഷം രൂപയുടെ ചെക്കുകൾ പണമാക്കുവാൻ അവശേഷിക്കുന്നു- തുടർനടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിന്റെ (7476001100000011) 31.03.2024 ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പണമാക്കാത്ത ചെക്കുകളായി ആകെ 16,01,467/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12,27,457/-രൂപയുടെ ചെക്കുകൾ മുൻവർഷങ്ങളിലും 3,74,010/-രൂപയുടെ ചെക്കുകൾ തൻവർഷത്തിലും ലഭ്യമായതാണ്. റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള വിശദവിവരം താഴെ ചേർക്കുന്നു.

	ചെക്ക് നം	ചെക്ക് തീയതി	വിശദാംശം	തുക	റിമാർക്സ്
	0003917	18/08/2015	Miss Asia 2015	10,80,000	
	12385804	08/03/2018	-	2500	
	2385804	08/03/2018	-	600	
	2385804	08/03/2018	-	6000	
	2385819	23/03/2019	-	17,339	
	0487181	29/03/2019	Profession Tax Of 5 Employees	5600	
	065274	02/06/2021	Authorised	2613	
	065274	02/06/2021	Authorised	492	
	058073	23/06/2021	Authorised	9275	
	058073	23/06/2021	Authorised	13911	
	058073	23/06/2021	Authorised	7435	
	058073	23/06/2021	Authorised	30140	
	705366	30/07/2021	Profession Tax Of 5 Employees	5000	
	002577	24/02/2023	-	1020	
(എ)			**ആകെ**	**1181925**	
	729748	31/08/2023	2 Staff	2500	
	429245	30/09/2023	Rent For ITI Building For 08/23	33837	തൻ വർഷം വരവ് വന്നത്
	125568	07/10/2023	Repairs & Maintainance Of Vehicle KL 39 S 5692	7945	
	064746	09/10/2023	Pl Paid On 13/10/23	1250	
	4262	02/03/2024	R-MO 71100-23002376	1377	
	4267	02/03/2024	R-MO 71100-23002385	420	
	4263	02/03/2024	R-MO 71100-23002377	1464	
	4264	02/03/2024	R-MO 71100-23002382	768	
	4261	02/03/2024	R-MO 71100-23002375	1468	
	4268	02/03/2024	R-MO 71100-23002392	7457	
	4259	02/03/2024	R-MO 71100-23002360	2170	
	4260	02/03/2024	R-MO 71100-23002369	17110	തൻ വർഷം വരവ് വന്നത്
	-	-	Rectification Contra	5020	
	-	-	Rectification Contra	2650	തൻ വർഷം വരവ് വന്നത്
	321336	28/03/2024	R-MO 71100-23006909	61787	
	321336	28/03/2024	R-MO 71100-23006914	50255	
	321336	28/03/2024	R-MO 71100-23006905	68843	
	321336	28/03/2024	R-MO 71100-23006911	55292	
	321336	28/03/2024	R-MO 71100-23006908	65486	

	4539	31/03/2024	R-MO 71100-23006993	2650	
	-	-	Rectification Contra	1272	തൻ വർഷം വരവ് വന്നത്
	-	-	Being JSK Collection	28521	
(ബി)			ആകെ	419542	
Grand Total (എ + ബി)				1601467	

ചെക്കുകളുടെ കാലാവധി മൂന്ന് മാസമാണെന്നിരിക്കെ മുൻവർഷങ്ങളിൽ പണമാക്കാതിരുന്ന 11,81,925 രൂപ നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. ആയത് ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും 2023-24 വർഷം പണമാക്കാതെ അവശേഷിച്ച 4,19,542/-രൂപ നഗരസഭ ഫണ്ടിലേയ്ക്ക് ഇതിനകം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പണമാക്കുവാൻ അവശേഷിക്കുന്ന 16,01,467/-രൂപ ഏത് വരവിനവുമായി ബന്ധപ്പെട്ട്, ആരിൽ നിന്ന് ലഭ്യമായതാണെന്ന വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-33/15.01.2025) ഹാജരാക്കിയ മറുപടി താഴെ ചേർക്കുന്നു.

18/08/2015 തീയതിയിലെ ചെക്ക് പ്രകാരം ലഭിക്കുവാനുള്ള 10,80,000 രൂപയുടെ ചെക്ക് ബാങ്കിൽ നിന്ന് മടങ്ങിയതിനാൽ മിസ് ഏഷ്യ പരിപാടിയുടെ നടത്തിപ്പുകാരുമായി എറണാകുളം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് നിലവിലുള്ളതാണെന്നറിയിച്ചു.

2018, 2019, 2021 വർഷങ്ങളിലായി ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു.

2023-24 വർഷം ലഭ്യമാകുവാനുണ്ടായിരുന്ന 419542/-രൂപയിൽ 415620/-രൂപയും (2650/-, 1272/-എന്നീ തുകകൾ ഒഴികെ) തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ഹാജരാക്കി.

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ഇനി ലഭ്യമാക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഈടാക്കുവാനുള്ള തുക
2015-16	10,80,000
2017-18	9,100
2018-19	22,939
2021-22	68,866
2022-23	1,020
2023-24	3,922
ആകെ	11,85,847

ഇനി ലഭ്യമാകുവാനുള്ള 1185847/-രൂപയിൽ കോടതിയുടെ പരിഗണനയിലുള്ള 10,80,000/- ഒഴികെയുള്ള 105847/-രൂപ തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മിസ് ഏഷ്യ പരിപാടിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതും കോടതി വിധിക്കനുസൃതമായി പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-22 സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ തുകകൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ ബി-9 പ്രകാരം 5,88,631/-രൂപ (കോഡ്-350800100) സ്റ്റെയിൽ ചെക്ക് ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 1,76,465/-രൂപ മുന്നിരിപ്പായുണ്ടായിരുന്നതും 4,11,866/-രൂപ തൻ വർഷം മേൽ ഹെഡിലേയ്ക്ക് മാറ്റിയതുമാണെന്ന് കാണുന്നു. സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ തുകകളുമായി ബന്ധപ്പെട്ട ചെക്കുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം-45/17.01.2025) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെക്കുകളുടെ വിശദമായ വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി-7 ഷെഡ്യൂൾ പ്രകാരം ₹1,20,000 ഇലക്ഷൻ നിക്ഷേപമിനത്തിൽ (ഹെഡ് കോഡ് 340200600) നഗരസഭയ്ക്ക് ബാദ്ധ്യതയുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 201 (4) പ്രകാരം നഗരപാലിക സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽകൂട്ടാതെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം അറിയിച്ചില്ല (ഓഡിറ്റ് എൻക്വയറി.നം-17/14.01.25). കൗൺസിൽ തീരുമാനത്തിന് വിധേയമായി മേൽ നിക്ഷേപ തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

1-24 ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ നൽകിയ 23000/-രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ 460100400- Festival Advance To Employees എന്ന ഹെഡ് പ്രകാരം, ഫെസ്റ്റിവൽ അഡ്വാൻസായി ജീവനക്കാർക്ക് നൽകിയ തുകയിൽ 23,000/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഹെഡ് കോഡ് 460100400ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 23,000/-രൂപയിൽ 16000/-രൂപ മുൻവർഷങ്ങളിൽ ഈടാക്കാനുള്ളതും 7000/-രൂപ 2023-24 വർഷം ഈടാക്കാനും ഉള്ളതാണെന്ന് കാണുന്നു. ആർ പി ഷെഡ്യൂൾ- 41 പ്രകാരം 2023-24 വർഷം ആകെ 2,35,000/-രൂപയാണ് ഫെസ്റ്റിവൽ അഡ്വാൻസായി ജീവനക്കാർക്ക് നൽകിയിട്ടുള്ളത്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അഞ്ച് തുല്യ ഗഡുക്കളായി പ്രതിമാസം ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നിരിക്കെ മുൻവർഷത്തെയടക്കം കുടിശ്ശികയായ 23,000/-രൂപ നാളിതു വരെ ഈടാക്കാത്തതിന് വിശദീകരണം നൽകുവാനും തുക അടവാക്കുവാനുള്ള ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-09/09.01.2025) മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല 05.02.24 ൽ 22000/-രൂപ ക്രെഡിറ്റ് ബാലൻസുള്ളപ്പോൾ 19.02.24 ന് റെക്ടിഫിക്കേഷൻ എൻട്രിയിട്ട് 45000/-രൂപ ഡെബിറ്റ് ചെയ്തതായി ലെഡ്ജറിൽ രേഖപ്പെടുത്തിയതിന് വിശദീകരണം നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും കുടിശ്ശികയായിട്ടുള്ള 23,000/-രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്. മുൻക്കൂർ നൽകിയ തുകകൾ ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും ഈടാക്കി ക്രമീകരിക്കേണ്ടതാണ്.

1-25 സാമൂഹ്യ സുരക്ഷ പെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ ക്രെഡിറ്റായി

മരട് നഗരസഭയിലെ 2023-24 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ, അപേക്ഷകൾ, സേവന സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മരണപ്പെട്ടതിനു ശേഷം നാളിതുവരെയായും പല ഗുണോഭോക്താക്കളുടെയും പെൻഷൻ അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും മരണശേഷവും പെൻഷൻ കൈമാറുകയും ചെയ്യുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെൻഷണറുടെ പേര്/ ഐ.ഡി നം./ ആധാർ നം.	മരണപ്പെട്ട തീയതി	പെൻഷൻ ഇനം	തുക/അനർഹമായ കാലയളവ്	റിമാർക്സ്
1.	റോസി വർഗ്ഗീസ് 670465240623	17.08.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	14400/- (2023 സെപ്തംബർ മുതൽ 2024 മെയ്	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.

				വരെ)	
2.	ടോമി പി.ഡി 112470200734	01.08.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	14400/- (2023 സെപ്തംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
3.	രാജൻ എം 112470200568	14.07.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	16000/- (2023 ഓഗസ്റ്റ് മുതൽ 2024 മെയ് വരെ)	9000/- അക്കൗണ്ടിൽ നിക്ഷേപിച്ചു. 7000/- അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
4.	റെജീന ദേവസ്സി 112470200416	25.07.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	16000/- (2023 ഓഗസ്റ്റ് മുതൽ 2024 മെയ് വരെ)	തുക കൈമാറാൻ സാധിച്ചിട്ടില്ല.
5.	ഭാസ്കരൻ 112470201212	10.08.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	14400/- (2023 സെപ്തംബർ മുതൽ 2024 മെയ് വരെ)	തുക കൈമാറാൻ സാധിച്ചിട്ടില്ല.
6.	അമ്മിണി ദേവസ്സി 112470200671	02.09.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	12800/- (2023 ഒക്ടോബർ മുതൽ 2024 മെയ് വരെ)	തുക കൈമാറാൻ സാധിച്ചിട്ടില്ല.
7.	ഗൗരി കൃഷ്ണൻ 106670100101	18.08.23	കർഷക തൊഴിലാളി പെൻഷൻ	14400/- (2023 സെപ്തംബർ മുതൽ 2024 മെയ് വരെ)	തുക കൈമാറാൻ സാധിച്ചിട്ടില്ല.
8.	റ്റി. വൈ. ജോസഫ് 112470203153	01.10.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	11200/- (2023 നവംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
9.	അന്നമ്മ 106670600623	04.11.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	9600/- (2023 ഡിസംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
10.	ജോർജ്ജ് പി. ജെ 112470200208	19.10.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	11200/- (2023 നവംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
11.	മേരി സേവ്യർ 112470200420	27.11.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	9600/- (2023 ഡിസംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
12.	സൗദാമിനി 112470203227	24.11.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല	9600/- (2023 ഡിസംബർ മുതൽ 2024 മെയ്	തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.

			പെൻഷൻ	വരെ)	
13.	ലോനൻ പി. ജെ 112470200955	30.11.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	9600/- (2023 ഡിസംബർ മുതൽ 2024 മെയ് വരെ)	3000/- അക്കൗണ്ടിൽ നിക്ഷേപിച്ചു. 6600/- അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
14.	അനിരുദ്ധൻ എം.എം 112470202026	28.11.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	9600/- (2023 ഡിസംബർ മുതൽ 2024 മെയ് വരെ)	തുക കൈമാറാൻ സാധിച്ചിട്ടില്ല.
15.	ഫാത്തിമ 112470600817	29.11.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	9600/- (2023 ഡിസംബർ മുതൽ 2024 മെയ് വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.

2. മരണപ്പെട്ടയാളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതിനാൽ ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ തുക ബാങ്കിനു കൈമാറിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെൻഷണറുടെ പേര്/ഐ.ഡി നം	മരണപ്പെട്ട തീയതി	പെൻഷൻ തരം	തുക/അനർഹമായ കാലയളവ്	റിമാർക്സ്
1	പി. ജി. കൃഷ്ണൻ 112470201523	29.12.22	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	9600/- (2023 ജനുവരി മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
2	മറിയം പാപ്പു 106670600258	04.12.22	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	3200/- (2023 ജനുവരി മുതൽ 2023 ഫെബ്രുവരി വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
3	കമലം പി. ആർ 106670600146	21.01.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	8000/- (2023 ഫെബ്രുവരി മുതൽ 2023 ജൂൺ വരെ)	1500/- അക്കൗണ്ടിൽ നിക്ഷേപിച്ചു. 6500/-അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.
4	ഗ്രേസി ആന്റണി 112470600547	04.02.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	6400/- (2023 മാർച്ച് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
5	പ്രകാശിനി 106670600005	24.01.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	3000/- (2023 ഫെബ്രുവരി മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
6	ശശികുമാർ കെ 112470204174	16.03.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	4800/- (2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
7	വിൻസന്റ് എ. വി 112470202720	01.03.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	4800/- (2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
8	തങ്കമ്മ 106670100134	02.04.23	കർഷക തൊഴിലാളി പെൻഷൻ	3200/- (2023 മെയ് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
9	അൽഫോൺസ കെ. ജെ 112470202753	31.03.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല	4800/- (2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.

			പെൻഷൻ		
10	രഘുവരൻ 112470200548	15.03.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധകൃകാല പെൻഷൻ	4800/- (2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
11	മോളി തോമസ് 112470600783	08.04.23	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ	3200/- (2023 മെയ് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
12	തോമസ് എ എ 112470202291	04.04.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധകൃകാല പെൻഷൻ	3200/- (2023 മെയ് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
13	സരസ്വതി 112470200309	19.04.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധകൃകാല പെൻഷൻ	3200/- (2023 മെയ് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
14	ലക്ഷ്മണൻ ഡി. ജി 112470201344	12.04.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധകൃകാല പെൻഷൻ	3200/- (2023 മെയ് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.
15	ടി. എ. റാഫേൽ 112470201845	23.02.23	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധകൃകാല പെൻഷൻ	6400/- (2023 മാർച്ച് മുതൽ 2023 ജൂൺ വരെ)	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34, തീ. 14.01.25) മരണശേഷവും പെൻഷൻ അക്കൗണ്ട് ആക്ടീവായി തുടരുന്നത് പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ യഥാസമയം ലഭ്യമാക്കാത്തതിനാലാണെന്നും പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നും അനർഹമായി അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുകകൾ തിരിച്ചടക്കുന്നതിന് ബാങ്കുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്ത തുകകൾ തിരിച്ചടവാക്കേണ്ടതില്ല എന്നും മറുപടി ലഭ്യമാക്കി. മരട് നഗരസഭയിൽ നിലവിൽ സർക്കാർ ഉദ്യോഗം ലഭ്യമായിട്ടും അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയ 6 പേർ തുക തിരികെ സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങളും മറുപടിയോടൊപ്പം ലഭ്യമാക്കി.

23.09.2020 തീയതിയിലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. അനർഹരെ യഥാസമയം സസ്പെൻഡ് ചെയ്യേണ്ടത് നഗരസഭാ സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മരണ ശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതും ബാങ്കിനു കൈമാറിയതുമായ തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 മരുന്ന് പൂർണമായി ലഭ്യമായില്ല-2,68,538/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., വളന്തക്കാട് നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്	113/24 പി.എച്ച്.സി.ക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ-വളന്തകാട്	115/24 ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ
KMSCL പ്രോഫോർമ ഇൻവോയിസ് നം, തീയതി	PRF-3599/01.02.24	PRF-3299/19.01.24
അടങ്കൽ	3,00,000 /- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)	2,00,000 /- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്	3,00,000/-	2,00,000/-
ബിൽ.നം, തീയതി, തുക	1)209/07.12.23, 18900/- 2)218/18.12.23, 30495/- 3)313/09.02.24, 11358/- 4)315/01.02.24, 239247/-	1)232/01.01.24, 1300/- 2)288/29.01.24, 171163/- 3)230/01.01.24, 27537/-
ലഭ്യമായ തുകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരം)	150345/-	81117/-
ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ	149655/- (300000-150345)	118883/- (200000-81117)

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയ്സുകളും സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-46/17.01.2025) മറുപടി നൽകിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കുന്നത് വരെ 2,68,538/-രൂപ (1,49,655+1,18,883) തടസ്സപ്പെടുത്തുന്നു.

1-27 ജെന്റർ റിസോഴ്സ് സെന്റർ-വികസന ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദനീയമല്ല-6000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ	S0189/24
പ്രൊജക്ടിന്റെ പേര്	ജെന്റർ റിസോഴ്സ് സെന്റർ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	321400/-(പൊതു വിഭാഗം വികസന ഫണ്ട്)
ചെലവ്	12454/-(ബിൽ നമ്പർ-397/05.3.24)

മരട് നഗരസഭ കുടുംബശ്രീ ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വാർഡുകളിൽ ഉത്തരവാദിത്വ രക്ഷാകർതൃത്വം എന്ന വിഷയത്തിൽ അയൽക്കൂട്ടം അംഗങ്ങൾക്ക് 2023 നവംബർമാസം വിവധ ദിവസങ്ങളിൽ ക്ലാസ്സ് എടുത്തതിന് ജന്റർ റിസോഴ്സ് സെന്റർ കമ്മ്യൂണിറ്റി കൗൺസിലർ ശ്രീമതി മേരി കെ.കെ.യ്ക്ക് ഒരു ദിവസം 1500/-രൂപ നിരക്കിൽ 2 ദിവസത്തേക്ക് 3000/-രൂപയും റിസോഴ്സ് പേഴ്സൺ ആയ അശ്വതി വി. എന്ന വ്യക്തിക്ക് 2 ദിവസത്തേക്ക് 3000/-രൂപയും ചേർത്ത് ആകെ 6000/- രൂപ ഹോണറേറിയം ഇനത്തിൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും

നൽകിയിട്ടുണ്ട്. 2023-24 വർഷത്തെ മേൽ പ്രൊജക്ട് 2024-25 വർഷം സ്പിൽ ഓവറായിട്ടുണ്ട്. ടി പ്രൊജക്ട് പ്രകാരവും ക്ലാസ്സുകൾ എടുത്തതിന് വലിയൊരു തുക ഹോണറേറിയം ആയി കമ്മ്യൂണിറ്റി കൗൺസിലർക്കും റിസോഴ്സ് പേഴ്സണും നൽകിയിട്ടുണ്ട്. ഹോണറേറിയം നിരക്ക് 1500/- രൂപയായി നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

സബ്സിഡി മാർഗ്ഗ രേഖ പ്രകാരം(ഖണ്ഡിക 8.6), സർക്കാർ പ്രത്യേകം നിഷ്കർഷിച്ച ഇനങ്ങളിലൊഴികെ ശമ്പളം, ഹോണറേറിയം എന്നിവ നൽകുന്നതിന് വികസന ഫണ്ട് ഉപയോഗിക്കാൻ സാധിക്കില്ല എന്നിരിക്കെ ബോധവൽക്കരണ ക്ലാസ്സ് എടുത്തതിന് ഹോണറേറിയം നൽകിയതിന് വിശദീകരണം ലഭ്യമായില്ല. കൂടാതെ കുടുംബശ്രീയിലെ ജീവനക്കാരിയായ ശ്രീമതി മേരി കെ.കെ.യ്ക്ക് കുടുംബശ്രീയിൽ നിന്നും പ്രതിമാസം വേതനം ലഭിക്കുന്നുണ്ട് എന്നതിനാലും ബോധവൽക്കരണം, കൗൺസിലിംഗ് എന്നിവ ടിയാളുടെ ദൈനംദിന ജോലിയുടെ ഭാഗമാണ് എന്നതിനാലും ബോധവൽക്കരണ ക്ലാസ്സ് എടുത്തതിന് പ്രത്യേകം തുക വികസന ഫണ്ടിൽ നിന്നും നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് വിവിധ ദിവസങ്ങളിൽ ഭക്ഷണം നൽകിയതിന്റെ ചെലവ് തുകകൾ കമ്മ്യൂണിറ്റി കൗൺസിലറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഭക്ഷണം സപ്ലൈ ചെയ്ത യഥാർത്ഥ ബെനിഫിഷ്യറിയിൽ നിന്നും ബില്ലുകൾ വാങ്ങി ബെനഫിഷ്യറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നതിനു പകരം കമ്മ്യൂണിറ്റി കൗൺസിലറുടെ അക്കൗണ്ടിലേക്ക് തുക നല്കിയത് ശരിയായ നടപടിയല്ല. 2023-24 വർഷം മേൽ നമ്പർ പ്രൊജക്ട് പ്രകാരം ഇത്തരത്തിൽ 6454/-രൂപയാണ് കമ്മ്യൂണിറ്റി കൗൺസിലർക്ക് നൽകിയതെങ്കിലും 2024-25 ലെ സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 35000/-രൂപയോളം റിഫ്രഷ്മെന്റ് ചെലവിനത്തിൽ കമ്മ്യൂണിറ്റി കൗൺസിലറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ജന്റർ റിസോഴ്സ് സെന്ററിനായി നഗരസഭയ്ക്ക് ഒരു വർഷം 150000/-രൂപ മാത്രമേ ചെലവഴിക്കാൻ സാധിക്കൂ എന്നിരിക്കെ S0189/24 നമ്പർ പ്രോജക്ടിന്റെ അടങ്കൽ 321400/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രോജക്ട് 24-25 വർഷം സ്പിൽ ഓവറായി അടങ്കൽ തുകയായ 321400/-രൂപയും ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാകേണ്ടതുണ്ട്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ 50/17.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 6000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ഹൈസ്പീഡ് സ്കാനർ കെൽട്രോണിൽ നിന്നും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- 103392/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ	S0043/24
പ്രൊജക്ടിന്റെ പേര്	നഗരസഭ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	200000/-(പൊതുവിഭാഗം വികസന ഫണ്ട്) 600000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	103392/-(പൊതു വിഭാഗം വികസന ഫണ്ട്) 600000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രൊജക്ടിൽ ഉൾപ്പെടുത്തി CPRCS മുഖേന ഹൈ സ്പീഡ് സ്കാനർ വാങ്ങുന്നതിനായി 103392/-രൂപ(ബിൽ നമ്പർ-111/07.9.23) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 03.9.23ന് കെൽട്രോണിനാണ് തുക നൽകിയത്. കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സ്, ഉപകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജി.എസ്.ടി. ഇൻവോയ്സ്, സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 36/16.01.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 103392/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹൈസ്പീഡ് സ്കാനർ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-29 ഭവന പുനരുദ്ധാരണം എസ് സി - അപാകതകൾ -11,29,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

A)

പ്രോജക്ടിന്റെ നം., പേര്	എസ്.0259/24, ഭവനപുനരുദ്ധാരണം എസ്.സി. (സ്പിൽ ഓവർ)
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, മരട് നഗരസഭ
അടങ്കൽ, ഫണ്ട്	₹1125000, വികസനഫണ്ട്(എസ്.സി.പി)
ചെലവ്	₹1125000, വികസനഫണ്ട്(എസ്.സി.പി)
ബിൽ നം/തീയതി/തുക	33/09.06.23/₹75000, 39/29.06.23/₹450000, 50/11.07.23/₹150000, 74/03.08.23/₹150000, 116/12.09.23/₹150000, 125/19.09.23/₹75000, 207/07.12.23/₹75000

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. സബ്സിഡി ധനസഹായം പരമാവധി 1,50,000/- രൂപ. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) ഖ. 6.7(4) പ്രകാരം കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതും എൻജിനീയറിംഗ് വിഭാഗം ഓവർസിയർ മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തൻവർഷം സ്പിൽ ഓവർ ആക്കി നടപ്പിലാക്കിയ പ്രോജക്ടാണിത്. 2023-24 വർഷം 15 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) ശ്രീമതി സബിത വി.ബി. ഫീൽഡ് പരിശോധന നടത്തി പ്രവൃത്തി ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തികളുടെ സ്റ്റേജ് മൂല്യനിർണ്ണയം നടത്താതെയാണ് ചുവടെ ചേർത്തിരിക്കുന്നവർക്ക് അവസാന ഗഡു തുക നൽകിയത്.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	മുൻ വർഷം നൽകിയ തുക	2023-24 വർഷം നൽകിയ തുക
1	വിജയൻ സി. ഇ	75000/-	75000/-
2.	ചന്ദ്രബോസ് ഇ. വി	75000/-	75000/-
3.	രമ്യ വിശ്വനാഥൻ	75000/-	75000/-
4.	കാർത്തികേയൻ സി. എം	75000/-	75000/-
5.	ലീല സി	75000/-	75000/-
6.	യശോദ എൻ. റ്റി	75000/-	75000/-
7.	തിലകൻ റ്റി. യു	75000/-	75000/-
8.	വൽസല റ്റി. വി	75000/-	75000/-
9.	തങ്കമ്മ	75000/-	75000/-
10.	ഉദയൻ കെ. കെ	75000/-	75000/-
11.	മുരുകൻ വി. എ	75000/-	75000/-
12.	ലീല കുഞ്ഞൻബാവ	75000/-	75000/-

2) മേൽ പട്ടികയിലെ 12 പേരിൽ 2 പേർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 150000/- രൂപയിൽ താഴെ പ്രവൃത്തികൾ മാത്രമാണ് നടത്തേണ്ടത്. എന്നിട്ടും മൂല്യനിർണ്ണയം നടത്താതെ എസ്റ്റിമേറ്റിലും അധികരിച്ച് തുക നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തിയുടെ മൂല്യം	ആകെ നൽകിയ തുക	എസ്റ്റിമേറ്റിൽ അധികരിച്ച് നൽകിയ തുക
1	കാർത്തികേയൻ സി. എം	127000/-	150000/-	23000/-

2	മുരുകൻ വി. എ	72385/-	150000/-	77615/-

3) ശ്രീമതി സബിത വി. ബി ഫീൽഡ് പരിശോധന നടത്തി കണ്ട പ്രവൃത്തികളുടെ ആകെ തുകയുടെ വിവരം നോട്ട്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മൂല്യനിർണ്ണയം നടത്തിയ ഭവനപുനരുദ്ധാരണ പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ആകെ നൽകിയ തുക	മൂല്യനിർണ്ണയ പ്രകാരം	മൂല്യനിർണ്ണയത്തിൽ അധികരിച്ച് നൽകിയ തുക
1	റീജ സി	150000/-	101515.236/-	48485/-
2	അശോകൻ കെ. പി	150000/-	152246.9/-	-
3	മല്ലിക തിലകേശൻ	150000/-	90745.3368/-	59255/-

മേൽ പ്രകാരമുള്ള 2 ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക നൽകിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19, തീ. 14.01.25) മറുപടി ലഭ്യമാക്കിയില്ല. ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന് ശേഷം, ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നഗരസഭയിലെ എൻജിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതാണ്. പ്രോജക്ട് നം. 259/24 ൽ ഉൾപ്പെട്ട് മൂല്യ നിർണ്ണയം നടത്താതെ ഭവനപുനരുദ്ധാരണത്തിന് മുഴുവൻ തുകയും കൈപ്പറ്റിയവരുടെ ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്തി ആയതിനനുസൃതമായാണ് തുക നൽകിയതെന്നുള്ള രേഖകളും മൂല്യ നിർണ്ണയത്തിൽ അധികരിച്ച് തുക കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പദ്ധതി നടപ്പാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിർവ്വഹണോദ്യഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

B)

പ്രോജക്ടിന്റെ നം, പേര്	എസ്.0024/24, ഭവനപുനരുദ്ധാരണം എസ്.സി
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, മരട് നഗരസഭ
അടങ്കൽ, ഫണ്ട്	₹2250000, വികസനഫണ്ട്(എസ്.സി.പി)
ചെലവ്	₹1314000 വികസനഫണ്ട്(എസ്.സി.പി)
ബിൽ നം./തീയതി/തുക	225/26.12.23/₹675000, 344/19.02.24/₹450000, 436/19.03.24/₹189000

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 2023-24 സാമ്പത്തിക വർഷം ആരംഭിച്ച് 2024-25 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കുന്ന പ്രോജക്ടാണിത്. 2023-24 വർഷം 15 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	2023- 24വർഷം നൽകിയ തുക
1	ഷർമി ശിവദാസൻ	150000/-
2.	പ്രസാദ് കെ. കെ	150000/-
3.	വാസു പി. ബി	114000/-
4.	പ്രകാശൻ എം. റ്റി	75000/-
5.	എൻ. സി. അംബുജാക്ഷൻ	75000/-
6.	വിശ്വംഭരൻ എം. എ	75000/-
7.	റ്റി. പി. അപ്പു	75000/-
8.	പത്മനാഭൻ കെ. സി	75000/-
9.	സദാശിവൻ സി. പി	75000/-
10.	സജീവൻ പി. വി	75000/-
11.	വിമല കെ. കെ	75000/-
12.	കെ. വി. ഗോപി	75000/-
13.	ധന്യ ഷൺമുഖൻ	75000/-
14.	പ്രസാദ് എ. റ്റി	75000/-

15.	സിന്ധു പി. റ്റി.	75000/-

മേൽ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) പട്ടികജാതി വികസന വകുപ്പിലെ അക്രെഡിറ്റഡ് ഓവർസിയർ തയ്യാറാക്കിയ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരമാണ് ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിച്ചത്. ചുവടെ ചേർക്കുന്ന ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തിയാക്കി രണ്ടാം ഗഡു ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അക്രഡിറ്റഡ് ഓവർസിയർ തയ്യാറാക്കിയ മൂല്യനിർണ്ണയം പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുക ടിയാൾക്ക് അനുവദിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ആകെ നൽകിയ തുക	മൂല്യനിർണ്ണയം പ്രകാരമുള്ള തുക	അധികം നൽകിയ തുക
1.	പത്മനാഭൻ കെ. സി	75000/-	71000/-	4000/-

2) മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളതാണ്. ക്രമ നം. 4 മുതൽ 15 വരെയുള്ള ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19, തീയതി. 14.01.25) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നം. 24/24 ൽ ഉൾപ്പെട്ട് ഭവനപുനരുദ്ധാരണത്തിന് മൂല്യ നിർണ്ണയത്തിൽ അധികരിച്ച് തുക നൽകിയ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മുൻകൂർ തുക കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1129000/- (1125000+4000) രൂപ തടസ്സപ്പെടുത്തുന്നു.

1-30 ഭവന പുനരുദ്ധാരണം എസ് റ്റി - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെ ധനസഹായ തുക മുഴുവനും നൽകി-150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പരും പേരും	എസ്0260/24, ഭവനപുനരുദ്ധാരണം എസ്.റ്റി. (സ്പിൽ ഓവർ)
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, മരട് നഗരസഭ
അടങ്കൽ, ഫണ്ട്	₹375000, തനത് ഫണ്ട്
ചെലവ്	₹150000, തനത് ഫണ്ട്
വൗച്ചർ നം./തീയതി/തുക	72/16.08.23/75000, 31/05.10.23/75000

നഗരസഭയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. സബ്സിഡി ധനസഹായം പരമാവധി 1,50,000/- രൂപ. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി. 28/05/2022) ഖണ്ഡിക 6.7(4) പ്രകാരം, കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതും എൻജിനീയറിംഗ് വിഭാഗം ഓവർസിയർ മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തൻവർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പ്രോജക്ടാണിത്. 2023-24 വർഷം രണ്ട് ഗുണഭോക്താക്കൾക്കാണ് അവസാന ഗഡു ധനസഹായം നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ഫയലിനോടൊപ്പം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു തന്നെയാണോ ധനസഹായം നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

2. പ്രവൃത്തികളുടെ സ്റ്റേജ് മൂല്യനിർണ്ണയം നടത്താതെയാണ് രണ്ട് ഗുണഭോക്താക്കൾക്കും അവസാന ഗഡു

തുക നൽകിയത്.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	മുൻ വർഷം നൽകിയ തുക	2023-24 വർഷം നൽകിയ തുക
1	രാധാകൃഷ്ണൻ ടി. എസ്	75000/-	75000/-
2.	ശകുന്തള രാമൻ	75000/-	75000/-

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35, തീ. 16.01.25) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം, ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന് ശേഷം, ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നഗരസഭ എൻജിനീയറിംഗ് വിഭാഗം ഓവർസിയർ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്തി ആയതിനനുസൃതമായാണ് തുക നൽകിയതെന്നുള്ള രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കുന്നത് വരെ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ച 150000/- രൂപ തടസ്സപ്പെടുത്തുന്നു.

1-31 ബൊക്കാഷി ബക്കറ്റ്-വിതരണം ചെയ്യാതെ അവശേഷിക്കുന്നു-മറ്റ് അപാകതകൾ - ₹91,008/- തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ	S0272/24(സ്പിൽ ഓവർ)
പ്രൊജക്ടിന്റെ പേര്	ബൊക്കാഷി ബക്കറ്റ്
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, മരട് നഗരസഭ
അടങ്കൽ	853500/-(സി.എഫ്.സി.ഗ്രാന്റ്) 426750/-(ശുചിത്വ മിഷൻ വിഹിതം) 142250/-(ഗുണഭോക്തൃ വിഹിതം)
ചെലവ്	853200/-(സി.എഫ്.സി.ഗ്രാന്റ്)
ബിൽ നം/ തീയതി/ തുക	20/27.05.23/ ₹853200/-

ജൈവ മാലിന്യ സംസ്കരണോപാധിയായ ബൊക്കാഷി ബക്കറ്റ് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 2022-23 വർഷം ആരംഭിച്ച് 2023-24 വർഷം സ്പിൽ ഓവർ ആയ പ്രോജക്ടാണിത്. പ്രോജക്ടിന് ശുചിത്വ മിഷന്റെ 10.02.2023 ലെ 500/SBM(U)/2022-23/TS-72 നം. കത്ത് പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും യൂണിറ്റ് കോസ്റ്റ് 2844/- (ജി.എസ്.ടി ഉൾപ്പെടെ) ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 23.03.2023 ലെ പിവിഎം/1319/2022-2023 നം. ഇൻവോയ്സ് പ്രകാരം റെയ്ഡ്കോ കേരള ലിമിറ്റഡിൽ നിന്നും 300 ബൊക്കാഷി ബക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം 10% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതാണ്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 17.12.2024 വരെ 268 പേർക്കാണ് ബൊക്കാഷി ബക്കറ്റുകൾ വിതരണം ചെയ്തിരിക്കുന്നത്. വിതരണ രജിസ്റ്റർ പ്രകാരം ബൊക്കാഷി ബക്കറ്റുകൾ കൈപ്പറ്റിയ 268 ഗുണഭോക്താക്കളും 284/- രൂപ വീതം ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടവാക്കിയതിന്റെ രേഖകൾ കൃത്യമല്ല.

2)ബൊക്കാഷി ബക്കറ്റുകൾ വാങ്ങി ഒന്നര വർഷം കഴിഞ്ഞിട്ടും പൂർണ്ണമായും വിതരണം നടത്തുവാൻ സാധിച്ചിട്ടില്ല. യഥാർത്ഥ ആവശ്യം കണക്കാക്കാതെയാണ് വാങ്ങിയിരിക്കുന്നത്.

3)വിതരണം ചെയ്യാതെ അവശേഷിച്ച ബൊക്കാഷി ബക്കറ്റുകൾ (32 എണ്ണം) പരിശോധിക്കുന്നതിനായി 10.01.25 ൽ നടത്തിയ ഭൗതിക പരിശോധനയിൽ നഗരസഭാ ഓഫീസിന്റെ താഴത്തെ നിലയിൽ 10 ബൊക്കാഷി ബക്കറ്റുകളും വാർഡ് 33 ലെ എം.സി.എഫിന്റെ ഒരു വശത്തായി നൂറിലധികം ബൊക്കാഷി ബക്കറ്റുകളും സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. എം.സി.എഫിൽ തെർമോകോൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിറഞ്ഞിരുന്നതിനാലും 2023-24 ലെ മേൽ നമ്പർ സ്പിൽ ഓവർ പ്രൊജക്ടിന്റെയും 24-25 ലെ സ്പിൽ ഓവർ പ്രൊജക്ടിന്റെയും ഭാഗമായി വാങ്ങിയ ബൊക്കാഷി ബക്കറ്റുകളിൽ വിതരണം ചെയ്യാതെ അവശേഷിച്ചവ ഒന്നിച്ച് സൂക്ഷിച്ചിരിക്കുന്നതിനാലും S0272/24 നമ്പർ പ്രൊജക്ട് പ്രകാരം വാങ്ങിയതിൽ

വിതരണം ചെയ്യാതെ അവശേഷിക്കുന്നവ എണ്ണി തിട്ടപ്പെടുത്താൻ സാധിച്ചില്ല.

4) 300 യൂണിറ്റിന്റെ വിലയായ 853200/- രൂപയിൽ 10% ഗുണഭോക്തൃ വിഹിതമായ 85320/- കിഴിച്ച് 767880/- രൂപയായിരുന്നു സി.എഫ്.സി.ഗ്രാന്റിൽ നിന്നും റെയ്ഡ്കോയ്ക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽ ബിൽ പ്രകാരം 853200/- രൂപയും സി.എഫ്.സി.ഗ്രാന്റിൽ നിന്നുമാണ് റെയ്ഡ്കോയ്ക്ക് നൽകിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ അടവാക്കേണ്ട തുകയും സി.എഫ്.സി.ഗ്രാന്റിൽ നിന്നുമാണ് നൽകിയത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20, തീ. 14.01.25) വാർഡുകളിലെ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം 500 എണ്ണം കണക്കാക്കിയാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളതെന്നും ആദ്യ ഘട്ടത്തിലെ 300 പേരുടെയും ഗുണഭോക്തൃ വിഹിതം കൃത്യമായി ഈടാക്കിയിട്ടുണ്ടെന്നും വിതരണം ചെയ്യാൻ അവശേഷിക്കുന്ന 32 ഗുണഭോക്താക്കളെയും കൗൺസിലർമാർ മുഖേന നേരിട്ട് അറിയിച്ചിട്ടും നാളിതു വരെ ബക്കറ്റ് കൈപ്പറ്റിയില്ലെന്നും ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാൽ റെയ്ഡ്കോയ്ക്ക് പണം നൽകേണ്ട സാഹചര്യം ഉണ്ടായെന്നും പ്രൊജക്ട് പൂർത്തീകരണത്തിനായി ബാക്കി നിൽക്കുന്ന 200 ബൊക്കാഷി ബക്കറ്റുകൾ വാങ്ങുന്ന അവസരത്തിൽ ശുചിത്വ മിഷൻ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉപയോഗപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം 15.03.23 മുതൽ 27.03.24 വരെ കാലയളവിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ ലെഡ്ജർ ലഭ്യമാക്കി. എന്നാൽ ഒരേ ആൾ തന്നെ അഞ്ചും പത്തും ബൊക്കാഷി ബക്കറ്റുകളുടെ തുക ഒന്നിച്ച് അടവാക്കിയതിനാലും 2023-24 ലും 2024-25 ലും ബൊക്കാഷി ബക്കറ്റ് സ്പിൽ ഓവർ പ്രോജക്ടുകൾ ഉള്ളതിനാലും മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ തന്നെയാണ് തുക അടവാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും പദ്ധതി രൂപീകരണത്തിൽ ഫണ്ട് വിനിയോഗം എപ്രകാരമാണോ വിഭാവനം ചെയ്തിരിക്കുന്നത് അപ്രകാരം തന്നെ ചെലവഴിക്കുവാനും യഥാർത്ഥ ആവശ്യം കണക്കാക്കി വാങ്ങലുകൾ നടത്തുവാനും ശ്രദ്ധിക്കേണ്ടതുമാണ്.വിതരണം ചെയ്യാൻ അവശേഷിക്കുന്ന ബൊക്കാഷി ബക്കറ്റുകൾ വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ 32 യൂണിറ്റിന്റെ വിലയായ 91,008/-രൂപ (32 X 2844) തടസ്സപ്പെടുത്തുന്നു.

1-32 പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചുവെങ്കിലും സുലേഖ ചെലവ് പത്രികയിൽ ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല

നഗരസഭയിലെ കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. തുകയുടെ ആദ്യ ഗഡു ഇനത്തിൽ എക്സൽ സിസ്റ്റംസ്, കടവന്ത്ര എന്ന സ്ഥാപനത്തിന് 43601/-രൂപ ചെക്ക് നമ്പർ-625844/29.01.24 പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആകെ എ.എം.സി.തുക 87202/-രൂപ (06.10.23 മുതൽ 05.10.24 വരെ എ.എം.സി കാലയളവ്). സുലേഖ ചെലവ് പത്രിക പ്രകാരം, എ.എം.സി. നൽകുന്നതിനായി തനത് ഫണ്ട് വകയിരുത്തി 350000/-രൂപ അടങ്കൽ നിശ്ചയിച്ച് S0044/24 എന്ന പേരിൽ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ പ്രകാരം ടി പ്രൊജക്ടിൽ 2023-24 വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. 43601/-രൂപയുടെ ചെലവ്, പദ്ധതി ചെലവിൽ ഉൾപ്പെടാതെ പോയി.

നഗരസഭയിലേക്ക് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് (KSIE) എന്ന സ്ഥാപനത്തിന് 202600/-രൂപ ചെക്ക് നമ്പർ-625836/25.01.24 പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം, തനത് ഫണ്ട് വകയിരുത്തി 202600/-രൂപ അടങ്കൽ നിശ്ചയിച്ച് S0557/24 -നഗരസഭയിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ എന്ന പേരിൽ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ പ്രകാരം ടി പ്രൊജക്ടിൽ 2023-24 വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഇവിടെയും 202600/-രൂപയുടെ ചെലവ് പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയില്ല. രണ്ട് പ്രൊജക്ടുകളിലുമായി വന്ന 246201/-രൂപയുടെ ചെലവ് പദ്ധതിയുടെ ഭാഗമായുള്ള ചെലവ് ആയിരുന്നിട്ടും പദ്ധതി കണക്കുകളിൽ കൊണ്ടു വരാതിരുന്നതിന്

വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 51/17.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല മേൽ പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവർ ചെയ്ത് തുക നൽകാനും സാധ്യതയുണ്ട്. തനത് ഫണ്ട് വകയിരുത്തുന്ന പ്രൊജക്ടുകളിലെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെയിരിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

1-33 കിഴങ്ങു വർഗ്ഗ കൃഷി വികസന പദ്ധതി- ഇൻവോയ്സിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ടിന്റെ പേര്, നം.	കിഴങ്ങു വർഗ്ഗ കൃഷി വികസന പദ്ധതി – 2023-24, S0031/2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ, മരട് നഗരസഭ
അടങ്കൽ	1,00,000/-(വികസന ഫണ്ട് -പൊതു വിഭാഗം – സാധാരണ വിഹിതം)
ചെലവ്	1,00,000/-
തുക/ബിൽ നം. /തീയതി	1,00,000/-/296/01.02.2024
തുക/ഇൻവോയ്സ് നം. /തീയതി	1,00,000/-രൂപ/ EKM2324/P1019/18.01.2024

പ്രോജക്ട് പ്രകാരം 200 കിഴങ്ങു വർഗ്ഗ കിറ്റ് ഗുണഭോക്തൃ ലിസ്റ്റിലെ 136 ഗുണഭോക്താക്കൾക്ക വീതിച്ചു നൽകിയിട്ടുണ്ട്. ഒരു കിറ്റിന് 500/- രൂപ പ്രകാരം 200 കിറ്റിന് 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വി. എഫ്. പി. സി. കെ യുടെ 18.01.2024 ലെ ഇൻവോയ്സിൽ "200 കിഴങ്ങു സീഡ് കിറ്റ് " എന്ന് മാത്രമാണ് വിവരിച്ചിരിക്കുന്നത്. വ്യത്യസ്ത ഇനം കിഴങ്ങുകൾക്ക് യൂണിറ്റ് കോസ്റ്റ് വ്യത്യസ്തമാണെന്നിരിക്കെ ഏതൊക്കെ ഇനം കിഴങ്ങു വർഗ്ഗങ്ങൾ ആണ് കിറ്റിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നും ഒരു കിറ്റിന് 500/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതെങ്ങനെയെന്നും വ്യക്തമാക്കിയിട്ടില്ല. കിറ്റിൽ ഉൾപ്പെട്ട ഓരോ കിഴങ്ങിന്റെയും ഇനം, തൂക്കം എന്നിവ വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.42/17.01.2025 നല്കിയതിനു മറുപടി ഹാജരാക്കിയിട്ടില്ല. വാങ്ങലുകൾ നടത്തുമ്പോൾ സപ്ലൈ ചെയ്യപ്പെടുന്ന ഇനങ്ങളുടെ കൃത്യമായ അളവും തൂക്കവും ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ -425000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ നം, പേര്	എസ്0255/24, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(സ്പിൽ ഓവർ)
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, മരട് നഗരസഭ
അടങ്കൽ, ഫണ്ട്	₹575000, വികസനഫണ്ട്(എസ്.സി.പി)
ചെലവ്	₹425000, വികസനഫണ്ട്(എസ്.സി.പി)
ബിൽ നം./തീയതി/തുക	31/09.06.23/₹75000, 40/29.06.23/₹75000, 49/11.07.23/₹75000, 124/19.09.23/₹75000, 213/12.12.23/₹125000

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനസൗകര്യമൊരുക്കുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിനായി 2022-23 ൽ ആവിഷ്കരിച്ച പ്രോജക്ടാണിത്. 120 ചതുരശ്ര അടി വിസ്തൃതിയിൽ 2 ലക്ഷം രൂപ ഉപയോഗിച്ചാണ് പഠനമുറി നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരമുള്ളത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28/05/2022) ഖണ്ഡിക 7.2.13 പ്രകാരം 50000/- രൂപ മുൻകൂറായി നൽകാവുന്നതും ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുടർന്നുള്ള ധനസഹായം നൽകേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തൻവർഷം മേൽ പ്രോജക്ട് പ്രകാരം നടപ്പിലാക്കി 2024-25ലേക്കും സ്പിൽ ഓവർ ആക്കിയിട്ടുള്ള പ്രോജക്ട് പ്രകാരം 2023-24 വർഷം വരെ 4 വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വിദ്യാർത്ഥിയുടെ പേര്	മുൻ വർഷം നൽകിയ തുക (₹)	2023-24 വർഷം നൽകിയ തുക (₹)
1.	അർജ്ജുൻ കെ. മധു	125000	75000
2.	ആഷ്ന പവിത്രൻ	50000	150000
3.	അപർണ്ണ സി. എ (D/Oഅപ്പുക്കുട്ടൻ സി. വി)	50000	150000
4.	അധിരാജ് കെ (S/O സവിത കെ. എ)	-	50000

മേൽ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) പഠനമുറി നിർമ്മിക്കുന്നതിന് അഡ്വാൻസ് നല്കിയതിനു ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്താതെയാണ് ബാക്കിയുള്ള രണ്ട് ഇൻസ്റ്റാൾമെന്റ് തുകയായ ₹75000 വീതം മേൽ പ്രകാരം ആഷ്ന പവിത്രൻ, അപർണ്ണ സി. എ (D/O അപ്പുക്കുട്ടൻ സി. വി.) എന്നീ വിദ്യാർത്ഥിനികൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെയാണ് മുഴുവൻ ധനസഹായവും നൽകിയത്.

2) അർജ്ജുൻ കെ. മധു എന്ന വിദ്യാർത്ഥിയുടെ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിജു എം. കെയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 1,19,700.33 രൂപയാണ് പഠനമുറി നിർമ്മിക്കുന്നതിന് ചെലവായിട്ടുള്ളത്. എന്നാൽ 2 ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ അധികരിച്ച് 80,300/- രൂപ അധികം നൽകിയിട്ടുണ്ട്.

3) പഠനമുറി നിർമ്മിക്കുന്നതിന് അഡ്വാൻസ് കൈപ്പറ്റിയ അധിരാജ് കെ (S/O സവിത കെ. എ) പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 18, തീ.14.01.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി, ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്താതെ സബ്സിഡി തുക മുഴുവനും നൽകുന്നതും മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക നൽകുന്നതും ശരിയായ നടപടിയല്ല. ആഷ്ന പവിത്രൻ, അപർണ്ണ സി. എ (D/O അപ്പുക്കുട്ടൻ സി. വി.) എന്നീ വിദ്യാർത്ഥിനികളുടെ പഠനമുറി നിർമ്മാണം അസിസ്റ്റന്റ് എൻജിനീയർ മൂല്യ നിർണ്ണയം നടത്തി ആയതിനനുസൃതമായാണ് തുക നൽകിയതെന്നുള്ള രേഖകളും മൂല്യനിർണ്ണയത്തിൽ അധികരിച്ച് 80,300/- രൂപ അധികം കൈപ്പറ്റിയ അർജ്ജുൻ കെ. മധുവിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. മുൻകൂർ തുക കൈപ്പറ്റിയ അധിരാജ് കെ (S/O സവിത കെ. എ) പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ച 4,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-35 നഗരസഭ വക ശാന്തിവനം ശ്മശാനം നടത്തിപ്പ് -അവശ്യ രേഖകൾ സൂക്ഷിക്കേണ്ടതാണ്

ഫയൽ നമ്പർ-ആർ2-3198/2017

നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന നഗരസഭ വക ശാന്തിവനം ശ്മശാനത്തിന്റെ നടത്തിപ്പ് ചുമതല 2023-24 വർഷം ക്വട്ടേഷൻ മുഖേന ലഭിച്ചത് ശ്രീ.സുധീഷ് ടി.ആർ, വടക്കേടത്ത് വീട്, അത്താണി, കാക്കനാട് എന്ന വ്യക്തിക്കാണ്. നഗരസഭ പരിധിയിൽ താമസിച്ചിരുന്നവരുടെ മൃതദേഹം സംസ്കരിക്കുന്നതിന് ഒരു മൃതദേഹത്തിന് 2200/-രൂപ നിരക്കിലും നഗരസഭയ്ക്ക് പുറത്തുള്ളവരുടെ മൃതദേഹം സംസ്കരിക്കുന്നതിന് ഒരു മൃതദേഹത്തിന് 3100/-രൂപ നിരക്കിലുമാണ് ടിയാൻ ക്വാട്ട് ചെയ്തത്. പൊതുജനങ്ങളിൽ നിന്നും ടി തുക ഈടാക്കാതെ നഗരസഭയാണ് ഓരോ മാസവും സംസ്കരിച്ച മൃതദേഹങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുന്നത്.

മരിച്ച വ്യക്തികളുടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡിന്റെ പകർപ്പ്, മരിച്ച വ്യക്തി താമസിച്ചിരുന്ന ഡിവിഷനിലെ കൗൺസിലറുടെ സാക്ഷ്യപത്രം എന്നിവയാണ് കരാറുകാരൻ കരാർ

പ്രകാരമുള്ള തുക ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ ടി അപേക്ഷയുടെ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകി വരുന്നത്. ശ്മശാനം നടത്തിപ്പ് സംബന്ധിച്ച് ഫയൽ നമ്പർ-R2-3198/2017 പരിശേധിച്ചതിൽ കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)സാധാരണയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ശ്മശാനങ്ങളുടെ നടത്തിപ്പ് പൂർണ്ണമായും സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ നടക്കുന്നതായാണ് കണ്ടു വരുന്നത്. മൃതസംസ്കാരം നടത്തുന്നതിനായി മരണപ്പെട്ട വ്യക്തിയുടെ ബന്ധുക്കളിൽ ആരെങ്കിലും തദ്ദേശ സ്ഥാപനത്തിൽ വന്ന് നിശ്ചിത അപേക്ഷാഫോറത്തിൽ മരണ കാരണം, മരിച്ച സ്ഥലം എന്നിവ അടക്കമുള്ള അവശ്യ വിവരങ്ങൾ നൽകി മരിച്ച വ്യക്തിയുടെയും അപേക്ഷകന്റെയും തിരിച്ചറിയൽ രേഖകൾ നൽകി സ്ഥാപനം നിശ്ചയിച്ചിട്ടുള്ള തുക ക്രിമറ്റോറിയം ഫീസ് എന്ന ഹെഡിൽ അടവാക്കുകയും രസീത് ശ്മശാനം നടത്തിപ്പുകാരനെ കാണിച്ച് മൃതസംസ്കാരം നടത്തുകയും ചെയ്യുന്നു. ശ്മശാനം നടത്തിപ്പുകാരന് പ്രതിമാസം നിശ്ചിത തുക തദ്ദേശ സ്ഥാപനം വേതനമായും നൽകുന്നു. അപകട മരണം, ആത്മഹത്യ, കൊലപാതകം തുടങ്ങിയ കേസുകളിൽ പോലീസിൽ നിന്നുമുള്ള റിപ്പോർട്ടും പരിശോധിച്ച ശേഷം മാത്രമാണ് സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മൃതസംസ്കാരത്തിന് അനുവാദം നൽകുന്നത്. മൃതസംസ്കാരത്തിന് ഫീസ് വാങ്ങാതെ നഗരസഭ സൗജന്യ നിരക്കിൽ സേവനം നൽകിയാൽ തന്നെയും തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയിൽ ഉള്ള ശ്മശാനത്തിൽ സംസ്കരിക്കപ്പെടുന്നവരുടെ മരണ കാരണം സംസ്കാരത്തിനു മുൻപു തന്നെ കൃത്യമായി സ്ഥാപനം അറിയേണ്ടതുണ്ട്. അനുബന്ധ റിപ്പോർട്ടുകളും തദ്ദേശ സ്ഥാപനത്തിന് ലഭിക്കേണ്ടതുണ്ട്. ഏതെങ്കിലും മരണവുമായി ബന്ധപ്പെട്ട് പിന്നീട് എന്തെങ്കിലും പരാതികളും മറ്റും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നിയമ നടപടികൾ നേരിടുന്നത് ഒഴിവാക്കുവാൻ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതുണ്ട്.

മരട് നഗരസഭയിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കുന്നില്ല. മരിച്ച വ്യക്തികളുടെ അടുത്ത ബന്ധുക്കളിൽ (ഭാര്യ/ഭർത്താവ്/മകൻ/ മകൾ/അച്ഛൻ/അമ്മ/സഹോദരൻ/സഹോദരി) നിന്നും മരണ കാരണം, മരണ തീയതി, മരിച്ച സ്ഥലം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷയും അപേക്ഷകന്റെ തിരിച്ചറിയൽ രേഖയും നഗരസഭയിൽ, നൽകുന്നില്ല. പകരം വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം, മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ മാത്രമാണ് നൽകുന്നത്. കൗൺസിലറുടെ സാക്ഷ്യപത്രത്തിൽ മരണ കാരണം രേഖപ്പെടുത്തുന്നില്ല. അസ്വാഭാവിക മരണങ്ങളുടെ കേസിൽ പോലീസ് റിപ്പോർട്ട് തുടങ്ങിയ രേഖകളും വാങ്ങുന്നില്ല. ഇപ്രകാരം അവശ്യ രേഖകൾ വാങ്ങി പരിശോധന നടത്തി രേഖകൾ നഗരസഭയിൽ സൂക്ഷിക്കാതെ മൃതസംസ്കാരം നടത്തുന്നത് ശരിയായ നടപടിയല്ല.

2)കരാർ തുക ലഭിക്കുന്നതിനായി കരാറുകാരൻ നഗരസഭയിൽ നൽകുന്ന രേഖകളോടൊപ്പം മരട് നഗരസഭ ശാന്തിവനം ശ്മശാനം എന്ന അച്ചടിച്ച് രസീത് നമ്പരും അച്ചടിച്ചിട്ടുള്ള, ബന്ധപ്പെട്ട വാർഡ് കൗൺസിലറിൽ നിന്നും മൃതസംസ്കാരത്തിനുള്ള തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ള രസീത് കൂടി സമർപ്പിക്കുന്നുണ്ട്. തുകയും ടി രസീതിൽ എഴുതുന്നുണ്ട്. രസീത് നൽകുന്നത് സുധീഷ്, ലൈസൻസി എന്ന പേരിൽ കരാറുകാരന്റെ ഒപ്പു രേഖപ്പെടുത്തിയാണ്. മൃതസംസ്കാരത്തിനുള്ള തുക പൂർണ്ണമായും നഗരസഭയാണ് കരാറുകാരന് നൽകുന്നത് എന്നിരിക്കെയും വാർഡ് കൗൺസിലർ കരാറുകാരന് തുകയൊന്നും നൽകുന്നില്ല എന്നിരിക്കെയും കൗൺസിലറുടെ പേരിൽ പണം സ്വീകരിച്ചതായുള്ള രസീത് കരാറുകാരൻ ഒപ്പിട്ട് നഗരസഭയിൽ നൽകുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. കരാറുകാരന് തുക ലഭിക്കുന്നതിന് നഗരസഭയിൽ ഹാജരാക്കുവാൻ വേണ്ടി കരാറുകാരൻ തന്നെ അച്ചടിച്ച രസീത് ആണിതെന്നും നഗരസഭയുടെ അറിവോടെയല്ല രസീത് അച്ചടിച്ചതെന്നും അപാകത ആവർത്തിക്കില്ലെന്നുമാണ് നഗരസഭ മറുപടി ലഭ്യമാക്കിയത്. നഗരസഭയുടെ പേരിൽ രസീത് അച്ചടിച്ചു കൈവശം വെയ്ക്കുന്നത് തടയേണ്ടതും കരാറുകാരന്റെ കൈവശമുള്ള ബാക്കിയുള്ള രസീതുകൾ തിരികെ വാങ്ങേണ്ടതുമാണ്.

ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞു കൊണ്ടും ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ട ബൈലോ നഗരസഭയിൽ ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 49/17.01.25 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് നഗരസഭ മറുപടി ലഭ്യമാക്കി. മരണപ്പെട്ടവരുമായി ബന്ധപ്പെട്ട ക്രൈം, കേസ് വിവരങ്ങൾ ഹെൽത്ത് വിഭാഗത്തിലുള്ള രജിസ്റ്ററിൽ എഴുതി വെയ്ക്കുന്നുണ്ടെന്നും കരാറുകാരൻ രസീതുകൾ കൈവശം വയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ശ്മശാനം നടത്തിപ്പിന് ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

1-36 മരങ്ങൾ ലേലം ചെയ്തു നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

മരം മുറിച്ചതിന് പ്രകാശൻ എ.ജി.എന്ന വ്യക്തിക്ക് 30500/- രൂപ ചെക്ക് നമ്പർ-274347/27.5.23 പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മാങ്കായിൽ സ്കൂൾ കോംപൗണ്ടിലെ മരങ്ങൾ മുറിച്ചതിന് ഇതേ വ്യക്തിക്ക് തന്നെ 147000/-രൂപ, ചെക്ക് നമ്പർ-429240/27.9.23 പ്രകാരവും തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മുറിച്ച മരങ്ങളുടെ വാല്യുവേഷൻ ഫോറസ്റ്റ് അധികാരികളിൽ നിന്നും ലഭ്യമാക്കി ആയത് ലേലം ചെയ്ത തനത് ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയതിന്റെ രേഖകൾ ഹാജരാക്കുവാനും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് 08.01.25 ൽ ഓഡിറ്റ് റിക്വിസിഷൻ (നം.1)നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. മാത്രമല്ല മരം ലേലം ചെയ്ത് വിൽക്കാതെ മുറിച്ച് മാറ്റിയതിന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് 47/17.01.25 നമ്പരായി ഓഡിറ്റ് എൻകൃയറി നൽകിയെങ്കിലും ആയതിനും മറുപടി ലഭ്യമാക്കിയില്ല. മരം ലേലം ചെയ്ത് നൽകി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-37 അതിദരിദ്രർക്ക് ഓണക്കിറ്റ് വിതരണം -കൈപ്പറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ്-143950/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ	S0041/24
പ്രൊജക്ടിന്റെ പേര്	വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	200000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	143950/-(ബിൽ നമ്പർ-129/18.9.23)

നഗരസഭയുടെ അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഓണത്തോടനുബന്ധിച്ച് കിറ്റുകളിൽ പലചരക്ക് സാധനങ്ങൾ നൽകുന്നതിനായി 143950/-രൂപ ചെലവഴിച്ച് കാക്കനാടുള്ള എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും പലചരക്ക് സാധനങ്ങൾ വാങ്ങി (ഇൻവോയ്സ് നമ്പർ-E/36/23-24,Dtd.23.8.23). 111 അതിദരിദ്ര ഗുണഭോക്താക്കളിൽ 104 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായാണ് കിറ്റുകൾ തയ്യാറാക്കിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കിറ്റുകൾ 104 ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളും അംഗീകൃത അതിദരിദ്ര ലിസ്റ്റും (അതിദരിദ്രരുടെ EPIP ID നമ്പരുകൾ സഹിതം) ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 38/16.01.25 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കി. നഗരസഭ ചെയർമാൻ കിറ്റ് വിതരണം ഉത്ഘാടനം ചെയ്ത വേളയിൽ എത്തിച്ചേർന്ന ഗുണഭോക്താക്കൾക്ക് കിറ്റുകൾ നേരിട്ട് നൽകിയെന്നും ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ള ഗുണഭോക്താക്കൾക്ക് വാർഡ് കൗൺസിലർമാർ മുഖേനയാണ് കിറ്റുകൾ നൽകിയതെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

കിറ്റുകളുടെ വിതരണ വിവരം ഗുണഭോക്താക്കളെ അറിയിച്ചതിന്റെ രേഖകളും കിറ്റുകൾ ഗുണഭോക്താക്കൾ അല്ലെങ്കിൽ അവരുടെ ബന്ധുക്കൾ കൈപ്പറ്റിയതിന്റെ രേഖകളും (ഒപ്പ്, ഫോൺ നമ്പർ സഹിതം) ഹാജരാക്കുന്നതു വരെ കിറ്റ് വാങ്ങുന്നതിനായി ചെലവഴിച്ച 143950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 മെഡിക്കൽ ഓഫീസർ ആയുർവേദം - 19,00,000/-രൂപയ്ക്ക് മരുന്ന് വാങ്ങിയത്-നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല-മറ്റ് അപാകതകൾ

1) 2023-24 വർഷം 4 പ്രൊജക്ടുകളിലായി 1900000/- രൂപയ്ക്ക് ആയുർവേദ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം, പേര്	01/24, ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ (ഫണ്ട്)	12,00,000/-(വികസന ഫണ്ട് -പൊതു വിഭാഗം)
ചെലവ്	12,00,000/-
ബിൽ നം./തീയതി	58/19.07.2023

2)

പ്രോജക്ടിന്റെ നം, പേര്	02/24, സൂതികാ പരിചരണം - പ്രസവ രക്ഷയ്ക്കുള്ള മരുന്ന് വാങ്ങൽ
അടങ്കൽ (ഫണ്ട്)	3,00,000/-(വികസന ഫണ്ട് -പൊതു വിഭാഗം)
ചെലവ്	3,00,000/-
ബിൽ നം./തീയതി	109/04.09.2023

3)

പ്രോജക്ടിന്റെ നം, പേര്	03/24, അരുണിമ – സ്ത്രീകളിലും കുട്ടികളിലും കാണുന്ന രക്തക്കുറവ് നിവാരണം ചെയ്യുന്ന പദ്ധതി
അടങ്കൽ (ഫണ്ട്)	2,00,000/- (വികസന ഫണ്ട് -പൊതു വിഭാഗം)
ചെലവ്	2,00,000/-
ബിൽ നം./തീയതി	59/19.07.2023

4)

പ്രോജക്ടിന്റെ നം, പേര്	04/24, ജീവനി - പ്രമേഹം തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾക്കുള്ള ചികിൽസാ പദ്ധതി
അടങ്കൽ (ഫണ്ട്)	2,00,000/-(വികസന ഫണ്ട് -പൊതു വിഭാഗം)
ചെലവ്	2,00,000/-
ബിൽ നം./തീയതി	60/19.07.2023

ആവശ്യമായ മരുന്നുകൾ ഡിപ്പാർട്ട്മെന്റിൽ ലഭ്യമല്ലെന്നുള്ള ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓരോ തവണയും മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കുമ്പോൾ വാങ്ങേണ്ടതുണ്ട്. ഓരോ പർച്ചേസിനു മുൻപും ഇപ്രകാരം മരുന്നുകളുടെ വിശദാംശങ്ങൾ സൂചിപ്പിച്ചു കൊണ്ട് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സൂതിക പരിചരണം, ജീവനി, അരുണിമ എന്നീ പേരുകളിൽ പ്രൊജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും മരുന്ന് വാങ്ങുന്നതിനുപരിയായി പ്രൊജക്ട് മുഖേന മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. സൂതിക പരിചരണം, ജീവനി, അരുണിമ എന്നീ പ്രൊജക്ടുകൾ പ്രകാരം ചികിത്സ തേടിയവരുടെയും നൽകിയ മരുന്നുകളുടെയും വിശദാംശങ്ങളും മരുന്നുകളുടെ പ്രത്യേകമുള്ള സ്റ്റോക്ക് ഇഷ്യു വിവരങ്ങളും പ്രൊജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ചുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ടും ഹാജരാക്കുവാനും ഓരോ പർച്ചേസിനു മുൻപും ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നം.43/17.01.2025 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-39 സ്വീവേജ് സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

സ്വീവേജ് സംവിധാനം ഇല്ലാത്തതും ജലാശയങ്ങൾ മലീമസമാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് എതിരെ മരട് നഗരസഭ നോട്ടീസ് ഇഷ്യൂ ചെയ്തതായി മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചുവെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. ചന്ദ്രശേഖരൻ, തൈക്കൂടം എന്ന വ്യക്തി വിവരാവകാശനിയമ പ്രകാരം 16-03-2023 ന് അപേക്ഷ നല്കിയിരുന്നതായി വിവരാവകാശരേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ NGT OA 147/22 നമ്പർ ഉത്തരവ് പ്രകാരം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്(STP) സംവിധാനം ഇല്ലാത്ത 25 സ്ഥാപനങ്ങൾക്ക് മരട് നഗരസഭയിൽ നിന്ന് നോട്ടീസ് നല്കിയിട്ടുള്ളതായി 13-4-2024 ൽ വിവരാവകാശ നിയമ പ്രകാരം മറുപടി നല്കിയിട്ടുണ്ട് എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റെസ്റ്റോറന്റുകൾ, അപ്പാർട്ടുമെന്റുകൾ എന്നിവയാണ് പ്രധാനമായും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇ- മെയിൽ ആയാണ് മറുപടി നല്കിയിട്ടുള്ളത്. മറുപടിയുടെ പകർപ്പ് ഫയലിൽ ലഭ്യമല്ല. നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് വിവരാകാശം സംബന്ധിച്ച ഫയലിൽ ലഭ്യമായിട്ടുള്ളത്. സ്ഥാപനങ്ങളിൽ നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയുടെ വിവരങ്ങൾ, പരിശോധന റിപ്പോർട്ട്, നോട്ടീസ് നല്കിയതിന് ശേഷം ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ, വിഷയത്തിലുണ്ടായ പുരോഗതി എന്നിവ അറിയിക്കാൻ താല്പര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകൃയറി (നമ്പർ 1, തീയതി 08-01-2025) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്വീവേജ് സംവിധാനം നിലവിൽ ഇല്ലെന്ന കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-40 വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 1000000/- തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ, പേര്	351/24, നഗരസഭാപരിധിയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ്
നിർവ്വഹണോദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ
അടങ്കൽ	₹1000000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹1000000/-
ബിൽ നമ്പർ, തീയതി	610/28-3-24

നഗരസഭയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനായാണ് മേൽ പ്രൊജക്ട് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഡെപ്പോസിറ്റ് വർക്ക് ആയി പ്രവൃത്തി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് ₹1000000/- കൈമാറിയിട്ടുള്ളതായാണ് ബോധ്യപ്പെടുന്നത്. പ്രവൃത്തി സംബന്ധിച്ച ഫയലോ അനുബന്ധരേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണെന്നും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻകൃയറി (നമ്പർ 53 തീയതി 17-01-2024) നല്കിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനും പ്രസ്തുത എൻകൃയറി മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ആകെ ചെലവ് തുകയായ ₹1000000/- തടസ്സപ്പെടുത്തുന്നു.

1-41 പി.എം.എ.വൈ(നഗരം) ഭവന പദ്ധതി-നഗരസഭ വിഹിതം,കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എന്നിവ പ്രകാരമുള്ള ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പി.എം.എ.വൈ.(നഗരം) ഭവന പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന 3 പ്രൊജക്ടുകളിലായി 2023-24 വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	ഫണ്ട്	അടങ്കൽ	ചെലവ്
1	230/24, പി.എം.എ.വൈ. (എസ്.സി.) ഗുണഭോക്താക്കൾക്ക് ഭവന പദ്ധതി	വികസന ഫണ്ട്-എസ്.സി.പി.	539815/-	40000/-
2	493/24, പി.എം.എ.വൈ. (എസ്.സി.) വനിത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം	വികസന ഫണ്ട്-എസ്.സി.പി.	2200000/-	760000/-
3	35/24, ഭവന നിർമ്മാണം പി.എം.എ.വൈ. (ലൈഫ്)	വികസന ഫണ്ട്-ജനറൽ	8742118/-	8720000/-
		തനത് ഫണ്ട്	4274/-	NIL

മേൽ സൂചിപ്പിച്ചതു പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതു കൂടാതെ, ആക്സിസ് ബാങ്കിലെ പി.എം.എ.വൈ.അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് ചെക്ക് മുഖേന 2023-24 വർഷം ഭവന നിർമ്മാണത്തിനായി തുക നൽകിയിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ ഈ തുക പ്രൊജക്ടിന്റെ ഭാഗമാക്കാതിരുന്നതിനാൽ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 39/16.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ലഭിക്കാതിരുന്ന കാലയളവിൽ കെ.യു.ആർ.ഡി.എഫ്.സി. ലോൺ മുഖേന ആക്സിസ് ബാങ്കിലെ പി.എം.എ.വൈ. അക്കൗണ്ടിൽ ലഭിച്ച തുക ഗുണഭോക്താക്കൾക്ക് നൽകിയതായും പിന്നീട് കേന്ദ്ര, സംസ്ഥാന വിഹിതം ലഭ്യമായപ്പോൾ ആയത് PFMS മുഖേന ICICI ബാങ്ക് അക്കൗണ്ടിൽ നിന്നും ആക്സിസ് ബാങ്കിലെ പി.എം.എ.വൈ. അക്കൗണ്ടിലേക്ക് റീപ്ലപ്പ് ചെയ്യുകയും ചെക്ക് മുഖേന ടി തുക ഗുണഭോക്താക്കൾക്ക് 2023-24 വർഷം നൽകുകയാണ് ചെയ്തതെന്നും കേന്ദ്ര-സംസ്ഥാന വിഹിതം ഇനത്തിൽ ലഭിച്ച തുകകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയില്ലെന്നും ആയതിനാൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടിട്ടില്ലെന്നും 2024-25 വാർഷിക പദ്ധതി മുതൽ ടി അപാകത പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നുമാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. പി.എം.എ.വൈ പദ്ധതി നടപ്പിലാക്കുമ്പോൾ പ്ലാൻ ഫണ്ട് കൂടാതെ തനത് ഫണ്ട്, ലോൺ, കേന്ദ്ര-സംസ്ഥാന വിഹിതം തുടങ്ങിയ ഫണ്ടുകളെല്ലാം തന്നെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ചെലവ് ചെയ്യേണ്ടതാണ്.

1-42 മഴക്കാല പൂർവ്വ ശുചീകരണം-ചെലവു രേഖകൾ ഹാജരാക്കിയില്ല- 6,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 6,60,000/-രൂപ (20,000/-രൂപ വീതം 33 വാർഡുകൾക്ക്) ചെക്ക് നമ്പർ 692210/01.3.24 പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയിട്ടുണ്ട്. വാർഡുതല സാനിട്ടേഷൻ സമിതികൾ ടി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ശുചിത്വ മിഷൻ വിഹിതം ലഭ്യമാകാത്തതിനാൽ ഓരോ വാർഡുകൾക്കും 10,000/-രൂപ വീതം ആകെ 3,30,000/-രൂപ ഉൾപ്പെടെയുള്ള തുക തനത് ഫണ്ടിൽ നിന്നുമാണ് നൽകിയത്. ടി തുക ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല. ശുചീകരണ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 30/14.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. വാർഡ് തല സാനിട്ടേഷൻ സമിതികൾ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലെന്നും ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, വൗച്ചറുകൾ ഹാജരാക്കുവാൻ വാർഡ് തല സാനിട്ടേഷൻ സമിതികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ 6,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 ജീവനക്കാർ തനത് ഫണ്ടിൽ നിന്നും മുൻകൂറായി കൈപ്പറ്റിയ തുകകൾ ചെലവ് രേഖകൾ നൽകി ക്രമീകരിച്ചിട്ടില്ല

മരട് നഗരസഭയിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്നും

ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് മുൻകൂറായി നൽകിയ തുകകൾ നാളിതു വരെയായും ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം, വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ വിശദാംശങ്ങൾ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 56/18.01.25 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ക്രമനമ്പർ	വൗച്ചർ നമ്പർ/ചെക്ക് നമ്പർ/തീയതി	അനുവദിച്ച തുക	തുക മുൻകൂറായി കൈപ്പറ്റിയ ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും	മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം
1	31/02.11.23	8000/-	സുരേഷ് കുമാർ കെ.കെ., PWO Gr.I	ഡെപ്യൂട്ടി ചെയർപേഴ്സൺ,സൂപ്രണ്ട് എന്നിവരുടെ ക്യാബിനിലെ ജനാല കർട്ടൻ മാറ്റുന്നതിന്
2	156/30.9.23	50000/-	സുരേഷ് കുമാർ കെ.കെ., PWO Gr.I	നെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ OP ബ്ലോക്ക് കെട്ടിടത്തിന്റെ ഉത്ഘാടനത്തിനായി മുൻകൂർ അനുവദിച്ചത്
3	146/26.10.23	12000/-	പർവ്വീൺ വൈ.ഇ, PWO Gr.III	ഇലക്ട്രിക്ക് ഓട്ടോയ്ക്ക് ചാർജിംഗ് സ്റ്റേഷൻ ഒരുക്കുന്നതിനായി നൽകിയത്
4	79/30.5.24	20000/-	എ.ഹുസൈൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	2024-25വർഷത്തെ പ്രവേശനോത്സവത്തോടനുബന്ധിച്ച് മരട് നഗരസഭയുടെ കീഴിലുള്ള മുഴുവൻ അങ്കണവാടികളിലും സ്കൂളുകളിലും മധുരം വിതരണം ചെയ്യുന്നതിന് മുൻകൂർ അനുവദിച്ച തുക
5	19/13.6.23	30000/-	അശോക് കുമാർ പി.കെ.	KL-39E-6566 ആംബുലൻസിന്റെ ടെസ്റ്റ് വർക്കിന് നൽകിയത്
6	429183/07.9.23	25000/-	പർവ്വീൺ വൈ.ഇ,PWO Gr.III	മാങ്കായിൽ ഗവ.വി.എച്ച്.എസ്.എസിൽ ഇൻസിനറേറ്ററിന് ഇലക്ട്രിക്കൽ കണക്ഷൻ നൽകുന്നതിന് നൽകിയത്

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന മുൻകൂറുകൾ എത്രയും വേഗം ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-44 നഗരസഭയുടെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)യിൽ അഗ്നി സുരക്ഷാ സംവിധാനം സജ്ജീകരിക്കേണ്ടതാണ്

മരട് നഗരസഭയുടെ കീഴിലുള്ള വളന്തക്കാട് ആർ.ആർ.എഫിൽ അഗ്നിരക്ഷാ വിഭാഗം 21.9.2023 ൽ നടത്തിയ പരിശോധനയിൽ ടി കെട്ടിടങ്ങളിൽ NBC 2016 ടേബിൾ 7-ൽ പ്രതിപാദിക്കുന്ന 250എം^{2} ൽ താഴെയുള്ള സ്റ്റോറേജ് കെട്ടിടങ്ങളിൽ സ്ഥാപിക്കേണ്ടതായ അഗ്നി രക്ഷ ക്രമീകരണങ്ങളായ 25000 ലിറ്റർ ടെറസ് ടാങ്ക്, 900 LPM ശേഷിയുള്ള ഫയർ പമ്പ്, ഓട്ടോമാറ്റിക്ക് സ്പ്രിംഗ്ളർ സിസ്റ്റം, ഹോസ്റീൽ ഹോസ്, എക്സ്റ്റിംഗ്വിഷറുകൾ എന്നിവ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കാണുന്നതായും ആയതിൽ ടി കെട്ടിടങ്ങളിൽ പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്തി അഗ്നി സുരക്ഷ സജ്ജമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു കൊണ്ട് തൃപ്പൂണിത്തുറ അഗ്നിരക്ഷ നിലയത്തിലെ സ്റ്റേഷൻ ഓഫീസർ നഗരസഭ സെക്രട്ടറിക്ക് 03.10.23 ൽ 487/2023 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. ടി കത്തിൽ നിർദ്ദേശിച്ചതു പ്രകാരമുള്ള അഗ്നി സുരക്ഷ സജ്ജീകരണങ്ങൾ ആർ.ആർ.എഫിലെ കെട്ടിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 54/18.01.25 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കി. ആർ.ആർ.എഫിൽ അഗ്നി സുരക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനായി 2024-25 വർഷം പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും ആയത് സാങ്കേതികാനുമതിയ്ക്കായി അസി.എക്സി. എൻജിനീയർക്ക് നൽകിയിട്ടുണ്ടെന്നും ഉടൻ തന്നെ നിർവ്വഹണം

ആരംഭിക്കുന്നതാണെന്നും അറിയിച്ചു. അഗ്നി സുരക്ഷ സംവിധാനങ്ങൾ എത്രയും വേഗം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-45 തനത് ഫണ്ടിൽ നിന്നും വൻ തുക ചെലവഴിച്ച് തോടുകളുടെ ശുചീകരണം മരാമത്ത് പ്രവൃത്തിയായി ചെയ്യുന്നു-ശുചീകരണ തൊഴിലാളികളെയും തൊഴിലുറപ്പ് തൊഴിലാളികളെയും നിയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

മരട് നഗരസഭ പരിധിയിലെ വിവിധ തോടുകൾ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വൃത്തിയാക്കുന്നതിനായി തോട് ക്ളീനിംഗ് എന്ന പേരിൽ വിവിധ ഡിവിഷനുകളിൽ മരാമത്ത് പ്രവൃത്തികൾ ചെയ്തതിന് മരാമത്ത് കരാറുകാർക്ക് 64 ലക്ഷത്തോളം രൂപ 2023-24 വർഷം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. 130 തോട് ക്ളീനിംഗ് പ്രവൃത്തികൾക്ക് ഓരോന്നിനും 50,000/- രൂപയിൽ താഴെ വരുന്ന എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയത്. സമാനമായ ഇനങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളാണ് എല്ലാ പ്രവൃത്തികൾക്കും തയ്യാറാക്കിയിട്ടുള്ളത്. 49500/-രൂപയാണ് ഭൂരിഭാഗം പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ അല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 130 വ്യത്യസ്ത ഫയലുകളിലായാണ് 130 പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്ക്, എസ്റ്റിമേറ്റ് നിരക്കിന് 5% ന് മുകളിൽ എന്നിങ്ങനെ 2 ടെണ്ടറുകളാണ് ഓരോ പ്രവൃത്തിയ്ക്കും ലഭിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അസി.എൻജിനീയറാണ് ആകെ 64,08,255/-രൂപ എസ്റ്റിമേറ്റ് കണക്കാക്കിയ 130 പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസിൽ ഒപ്പു വെച്ചിട്ടുള്ളത് (ടെണ്ടർ നോട്ടീസ് നമ്പർ-E4/thodu/tender/2023-24, തീയതി 30.3.23). പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ്/അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ തോട്ടിൽ നിന്നും ചെളി കോരുന്ന പ്രവൃത്തി മാത്രമാണ് തോട് ക്ലീനിംഗ് എന്ന മരാമത്ത് പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത്. നഗരസഭയിലെ സ്ഥിരം കണ്ടിജന്റ്, താല്ക്കാലിക കണ്ടിജന്റ്, മഴക്കാല പൂർവ്വ ശുചീകരണത്തിനായി പ്രത്യേകം നിയമിച്ച കണ്ടിജന്റ് തൊഴിലാളികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ എന്നിവർ ശുചീകരണ ജോലിക്ക് ലഭ്യമായിരുന്നിട്ടും കണ്ടിജന്റ് തൊഴിലാളികളെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിലായി തോടുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾക്കായി നിയോഗിക്കാമായിരുന്നിട്ടും അപ്രകാരം ചെയ്യാതെ തോട് ക്ലീനിംഗ് മരാമത്ത് പ്രവൃത്തിയായി ചെയ്തതിന്റെ കാരണം വ്യക്തമല്ല. 10 സ്ഥിരം കണ്ടിജന്റ് തൊഴിലാളികളും 11 താല്ക്കാലിക കണ്ടിജന്റ് തൊഴിലാളികളും മഴക്കാല പൂർവ്വ ശുചീകരണത്തിനായി നിയമിച്ച 10 താല്ക്കാലിക തൊഴിലാളികളും 2023-24 വർഷം ശുചീകരണത്തിനായി നഗരസഭയിൽ ഉണ്ടായിരുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2023-24ലെ ആക്ഷൻ പ്ളാനിൽ എല്ലാ വാർഡുകളിലും തോട് വൃത്തിയാക്കി ആഴം കൂട്ടൽ എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പ്രവൃത്തി ഒരു വാർഡിലും ചെയ്തില്ല.

2) ഒരേ തോടിനെ തന്നെ പല റീച്ചുകളാക്കി വിഭജിച്ച് ഓരോ റീച്ചിനും 50,000/-രൂപയിൽ താഴെ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിട്ടുണ്ട്. തോടുകൾക്ക് ഫസ്റ്റ്, സെക്കന്റ്, തേർഡ് എന്നിങ്ങനെ റീച്ചുകൾ നിശ്ചയിച്ചതിന്റെ മാനദണ്ഡം എപ്രകാരമാണെന്ന് വ്യക്തമല്ല. 50,000/-രൂപയിൽ താഴെ പരിമിതപ്പെടുത്തി ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ സാഹചര്യം എന്താണെന്ന് അറിയിച്ചില്ല.

3) ശുചീകരണം നടത്തിയ തോടുകൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാണോയെന്ന് വ്യക്തമല്ല. അപ്രകാരം ഒരു രേഖയും ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 55/18.01.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരാമത്ത് കരാറുകാരെ പ്രവൃത്തി ഏൽപ്പിക്കുന്നത് അവസാനിപ്പിച്ച് കണ്ടിജന്റ് ജീവനക്കാരെയും തൊഴിലുറപ്പ് തൊഴിലാളികളെയും ഉൾപ്പെടുത്തി തോടുകളുടെ ശുചീകരണം നടത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് അപ്രകാരം ചെയ്യുവാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

1-46 അമൃത് 2.0 -പദ്ധതി അവലോകനം

അമൃത് 2.0 പദ്ധതി പ്രകാരം കുടിവെള്ളവിതരണപദ്ധതികളാണ് നഗരസഭയിൽ ആദ്യഘട്ടത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ളത്. WSS To Maradu Municipality – Phase 1 എന്ന പ്രവൃത്തിക്ക് 17-4-2023 ൽ അമൃത് മിഷനിൽ നിന്ന് 1.7379 കോടി രൂപക്കുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. മേൽ പദ്ധതിയുടെ ഭാഗമായി മാത്രം 2023-24 സാമ്പത്തിക വർഷത്തിൽ ₹4,718,466/- അമൃത് മിഷനിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കുടിവെള്ള വിതരണ കണക്ഷനുകൾ നൽകൽ, അനുബന്ധ പ്രവൃത്തികൾ എന്നിവക്കായി കേരള വാട്ടർ അതോറിറ്റി മുഖേന മേൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. 2024-25 സാമ്പത്തികവർഷത്തിൽ നാളിതുവരെ ₹25,86,644/- ഈ പ്രവൃത്തിക്കായി അമൃത് മിഷനിൽ നിന്ന് ലഭ്യമായിട്ടുണ്ട്. മേൽ തുക വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ഈ തുകക്കുള്ള പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളവിതരണപദ്ധതി കൂടാതെ മാങ്കായിൽ പോണ്ട് നവീകരണത്തിനായി ₹27,44,420/- യുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയാക്കിവരുന്നതുമാണ്. ഇവക്ക് പുറമെ പാർക്കുകളുടെ നവീകരണം എന്ന ഇനത്തിൽപ്പെടുത്തി ഉമ്മൻചാണ്ടി പാർക്കിനായി 70 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി DPR തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.
അമൃത് പദ്ധതിക്കായി ഓരോ വർഷവും സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് തുക, അനുമതി ലഭിച്ച തുക, നഗരസഭാ അക്കൗണ്ടിൽ ലഭിച്ച തുക, ചെലവ് ചെയ്ത തുക എന്നിവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കും. പദ്ധതിക്കായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ച വിവരങ്ങൾ ഫയലിലുണ്ടെങ്കിലും ഏതെല്ലാം പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്, എത്ര തുകയാണ് ലഭിച്ചിട്ടുള്ളത്, ചെലവ് തുക എത്ര മുതലായ വിവരങ്ങൾ ഫയലിൽ നിന്ന് പെട്ടെന്ന് കണ്ടെത്തുന്നതിനോ ആയത് കൃത്യമായി വിവരിച്ചു നല്കുന്നതിനോ ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനുപോലും എളുപ്പമായിരുന്നില്ല. പദ്ധതി സംബന്ധിച്ച മെയിൻ ഫയൽ വളരെ ബൃഹത്തായതാണ് ഇതിന് കാരണം. തുടർവർഷങ്ങളിൽ പുതിയ പദ്ധതികൾ രൂപപ്പെടുകയും കൂടി ചെയ്യുമ്പോൾ ഫയലുകളുടെ വോള്യവും കൂടുതലായിരിക്കും.
മലിനജലം, കക്കൂസ് മാലിന്യങ്ങൾ എന്നിവയുടെ കൈകാര്യം, പാർക്കിംഗ് സ്ഥലങ്ങൾ ഒരുക്കൽ എന്നീ മേഖലയിൽപ്പെട്ട പ്രവൃത്തികൾക്കായി പ്രൊപ്പോസലുകൾ തയ്യാറാക്കി അമൃത് മിഷന്റെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-47 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല-പലിശയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ സർക്കുലർ നം.ഡി.ബി./7942/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വകുപ്പ് മേധാവികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മരട് നഗരസഭയിൽ ഇതനുസരിച്ച് ആരംഭിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മരട് ശാഖയിലെ കറന്റ് അക്കൗണ്ടിൽ (നം. 67266395703) 31-3-2024 ന് 1699172.50 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇ-ടെണ്ടർ മുഖാന്തിരം ലഭിച്ച തുക നഗരസഭയിലേക്ക് കൈമാറാതെ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. നഗരസഭയുടെ തനത് ഫണ്ടിലേക്ക് യഥാസമയം കൈമാറേണ്ട തുക പലിശ ലഭിക്കാത്ത കറണ്ട് അക്കൗണ്ടിൽ സൂക്ഷിച്ച് പലിശയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തുതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻകൃയറി(നമ്പർ 52 തീയതി 17-1-2024) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇ-ടെൻഡർ ഫീസിനത്തിൽ നാളിതു വരെയായി ലഭിച്ച മുഴുവൻ തുകയും നഗരസഭയുടെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-48 എസ്.സി. ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചു – ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റുകൾ

കൈമാറേണ്ടതാണ്

ഏതാനും വർഷങ്ങൾക്ക് മുൻപ് ആരംഭിച്ചിട്ടുള്ള എസ്.സി. ഫ്ലാറ്റ് നിർമ്മാണം എന്ന പ്രൊജക്ടിന്റെ അവസാന ഘട്ട പ്രവൃത്തികൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച് താഴെ ചേർത്തിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാൻ താൽപര്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 23 തീയതി 14-01-2025) നല്കിയിരുന്നു.

1) എസ്.സി. ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയത് ഏത് സാമ്പത്തിക വർഷത്തിലാണ്?

2) എത്ര ഫ്ലാറ്റുകൾ ആണ് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ഉദ്ദേശിക്കപ്പെട്ടിരുന്നത്? നിലവിൽ എത്ര ഫ്ലാറ്റുകൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്?

3) ആകെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു? ഇതുവരെ ഈ പ്രൊജക്ടിനായി എത്ര തുക ചെലവായിട്ടുണ്ട്?

4) ബഹുവർഷ പദ്ധതിയായി അംഗീകാരം ലഭ്യമാക്കിയിരുന്നോ? ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിക്കാൻ വർഷങ്ങളുടെ കാലതാമസം ഉണ്ടായതിന് കാരണമെന്ത്?

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സബ് കമ്മിറ്റി രൂപീകരിക്കുകയും മാനദണ്ഡങ്ങൾ നിർണ്ണയിച്ച്, പരസ്യം ചെയ്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ലഭ്യമാക്കിയ ഫയലുകളിൽ നിന്ന് 2015-16 സാമ്പത്തികവർഷത്തിലാണ് ഫ്ലാറ്റിനായുള്ള ഭൂമി വാങ്ങൽ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്നും തുടർവർഷങ്ങളിൽ ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച പ്രവൃത്തികൾ നടപ്പാക്കിവരികയായിരുന്നുവെന്നും ബോധ്യപ്പെടുന്നു. ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയതിൽ നിലവിൽ ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. രണ്ട് നിലകളിലായി ആകെ 8 ഫ്ലാറ്റുകളാണ് പണിതീർത്തിട്ടുള്ളത്. ചുറ്റുമതിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മുറ്റം ടൈൽ വിരിക്കപ്പെട്ടിട്ടുണ്ട്. ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതിനാൽ ടൈൽ പാകിയ മുറ്റവും എൻട്രൻസ് വരെയും കളകൾ കയറിക്കിടക്കുന്നതായാണ് കാണപ്പെട്ടത്. അപേക്ഷകൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഇരുപത്തഞ്ചോളം അപേക്ഷകൾ ലഭിച്ചെങ്കിലും നിലവിൽ നാല് ഗുണഭോക്താക്കളെ മാത്രമാണ് അർഹരായി കണ്ടെത്തിയിട്ടുള്ളത് എന്ന് കാണുന്നു. പത്രപ്പരസ്യം നല്കിയാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ പേരുകൾ വാർഡ് സഭകളിൽ നിന്ന് ഉയർന്ന് വരേണ്ടതുണ്ട്. അത്തരം നടപടി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വാർഡ് സഭകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ നിശ്ചയിച്ച് കാലതാമസം കൂടാതെ ഫ്ലാറ്റുകളുടെ വിതരണം പൂർത്തിയാക്കേണ്ടതാണ്.

1-49 ഫോറം മാളിനു മുൻവശം അയനി തോടിനു കുറുകെ സ്റ്റീൽ ബ്രിഡ്ജ് നിർമ്മാണം-മാളിന്റെ കൈവശമുള്ള സ്ഥലം സറണ്ടർ ചെയ്ത് നഗരസഭയ്ക്ക് നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല

ഫയൽ നമ്പർ-ഇ3/9025/23

ഫോറം മാളിന്റെ നിർമ്മാണം നടന്നുവരുന്ന മരട് നഗരസഭ ഡിവിഷൻ 2 ബ്ലോക്ക് 13 ൽ 10.18 ഏക്കർ ഭൂമിയിലേക്ക് നാഷണൽ ഹൈവേയുടെ സർവ്വീസ് റോഡിൽ നിന്നും എത്തിച്ചേരുന്നതിന് അയിനി തോടിന് കുറുകെ സ്റ്റീൽ ആർച്ച് ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഫോറം മാളിനായി തോംസൺ റിയൽറ്റേഴ്സ് എന്ന സ്ഥാപനം വിശദമായ പ്ലാൻ, ഡ്രോയിംഗ്സ് എന്നിവ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. 30.12.23 ൽ ചേർന്ന നഗരസഭ കൗൺസിൽ യോഗം 10(1) നമ്പരായി 8 കൗൺസിലർമാരുടെ വിയോജനക്കുറിപ്പോടു കൂടി ബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു. തുടർന്ന് 23.02.24 ലെ ഇ3/9025/23, തീയതി 23.02.24 നമ്പർ നടപടി ക്രമം പ്രകാരം 13 നിബന്ധനകൾ ഒപ്പു വെച്ചതിനു ശേഷം അനുമതി നൽകി. നഗരസഭ സെക്രട്ടറിക്കു വേണ്ടി മുനിസിപ്പൽ എൻജിനീയർ ആണ് 500/-രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ അഫിഡവിറ്റിൽ ഒപ്പു വെച്ചിട്ടുള്ളത്. നിലവിൽ ബ്ലോക്ക് 13 ൽ ഉൾപ്പെട്ട 138/9, 138/6, 138/14 റീസർവ്വേ നമ്പരിലുള്ള സ്ഥലങ്ങൾ പൂർണ്ണമായും

അപേക്ഷകരുടെ കയ്യിലാണെന്ന് താലൂക്ക് സർവ്വെയർ സാക്ഷ്യപ്പെടുത്തിയ സർവ്വേ സ്കെച്ചിൽ രേഖപ്പെടുത്തിയിരിക്കുന്നതായും ടി സ്കെച്ചിന് വിധേയമായാണ് പാലത്തിന്റെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്നും കൗൺസിൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

അപേക്ഷകന്റെ കൈവശമുള്ള റീസർവ്വേ നമ്പർ 138/9 ൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ മാളിനു മുൻവശം അയിനി തോടിന്റെ ഭാഗമായി (നിലവിൽ നീരൊഴുക്കിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ തോടായി ഒഴുകി കൊണ്ടിരിക്കുന്നതുമായ ഭാഗം) തീർന്നിട്ടുള്ളതും താലൂക്ക് സർവ്വേയർ തയ്യാറാക്കിയ സർവ്വേ സ്കെച്ചിൽ M എന്നു രേഖപ്പെടുത്തിയതിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഭാഗം പൂർണ്ണമായും അപേക്ഷകൻ നഗരസഭയ്ക്ക് സറണ്ടർ ചെയ്യണമെന്ന് 30.12.23 ലെ നഗരസഭ കൗൺസിൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് നഗരസഭ അനുമതി നൽകിയ ഉത്തരവിൽ നിബന്ധന 4 ആയി, 2024 ഏപ്രിൽ 30 നുള്ളിൽ സ്ഥലം നഗരസഭയ്ക്ക് സറണ്ടർ ചെയ്യണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭാഗം സറണ്ടർ ചെയ്ത് നഗരസഭയുടെ ഉടമസ്ഥതയിൽ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. സ്ഥലം സറണ്ടർ ചെയ്തതിനു ശേഷം മാത്രം നിർമ്മാണാനുമതി നല്കേണ്ടതാണ് എന്നിരിക്കെ അതിനു മുൻപ് തന്നെ നഗരസഭ ഫോറം മാളിന് പാലം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുകയാണ് ചെയ്തത്. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എട്ട് കൗൺസിൽ അംഗങ്ങൾ തീരുമാനത്തിന് വിയോജനം രേഖപ്പെടുത്തിയതിന്റെ കാരണം കൗൺസിൽ മിനിട്സിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇത് ശരിയായ നടപടിയല്ല. കൗൺസിൽ അംഗങ്ങൾ വിയോജനം രേഖപ്പെടുത്തിയതിന്റെ കാരണം ഫയലിലും പരാമർശിച്ചിട്ടില്ല. പാലം നിർമ്മാണം ആരംഭിച്ചതിന്റെയോ പൂർത്തീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ 27/14.01.25 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ഹാജരാക്കിയില്ല. നഗരസഭയ്ക്ക് അവകാശപ്പെട്ട സ്ഥലം ഫോറം മാൾ/തോംസൺ റിയൽറ്റേഴ്സിൽ നിന്നും സറണ്ടർ ചെയ്യ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-50 സർവീസ് പെൻഷൻ വിതരണം-അവലോകനം

മരട് മുനിസിപ്പാലിറ്റിയിൽ നിന്നും നിലവിൽ 10 റഗുലർ പെൻഷൻകാർക്കും 5 കണ്ടിജന്റ് പെൻഷൻകാർക്കുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷൻകരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ.(അ)168/2021 /ധന/08.12.2021 ഉത്തരവ് പ്രകാരവും, 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-50-1 റഗുലർ പെൻഷൻ

A) റഗുലർ പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E(A + B + C + D)
F.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	8	-	-	-	8
G.	തൻവർഷം അനുവദിക്കപ്പെട്ടവർ	2	-	-	-	2
H.	തൻവർഷം	-	-	-	-	-

	മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ					
I.	വർഷാവസാനം ഉള്ള പെൻഷൻകാർ (F + G) - (H)	10	-	-	-	10

B) പെൻഷൻ വിതരണ വിവരം : ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 31,58,459 രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം./ ചെക്ക് നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
04/2023	931091/ 1.4.23	2,07,845	-	-	-	2,07,845	2,07,845 3.4.23
05/2023	274295/ 3.5.23	2,07,845	-	-	-	2,07,845	2,07,845 3.5.23
06/2023	10053/ 31.5.23	2,07,845	-	-	-	2,07,845	2,07,845 1.6.23
07/2023	100110/ 1.7.23	2,07,845	-	-	-	2,07,845	2,07,845 1.7.23
08/2023	568508/ 2.8.23	2,07,845	-	-	-	2,07,845	2,07,845 2.8.23
09/2023	429172/ 2.9.23	2,51,715	-	-	-	2,51,715	2,51,715 2.9.23
09/2023 കുടിശ്ശിക	5364980/ 12.9.23	1,75,480	-	-	-	1,75,480	1,75,480 14.9.23
10/2023	429253/ 3.10.23	2,32,445	-	-	-	2,32,445	2,32,445 3.10.23
11/2023	101932/ 1.11.23	2,48,540	-	-	-	2,48,540	2,48,540 1.11.23
11/2023 കുടിശ്ശിക	5364982/20.11.23	2,38,050	-	-	-	2,38,050	2,38,050 23.11.23
12/2023	811767/ 1.12.23	2,43,251	-	-	-	2,43,251	2,43,251 1.12.23
01/2024	625782/ 3.1.24	2,43,251	-	-	-	2,43,251	2,43,251 5.1.24
02/2024	625851/ 1.2.24	2,43,251	-	-	-	2,43,251	2,43,251

							2.2.24
03/2024	692223/ 5.3.24	2,43,251	-	-	-	2,43,251	2,43,251 5.3.24
ആകെ		**31,58,459**	**-**	**-**	**-**	**31,58,459**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്കിന്റെ മരട് ശാഖയിൽ 7476001100000084 -ാം നമ്പരായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. ഇതിലേക്ക് 14.11.2022 ൽ ആണ് അവസാനമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടുള്ളത്. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.747600110000011) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്. പെൻഷൻ വിതരണത്തിനുള്ള തുക പെൻഷൻ ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അതിൽ നിന്നുമല്ല വിതരണം ചെയ്യുന്നത്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ, പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്.

D) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം: സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി താഴെ ചേർക്കും പ്രകാരം എല്ലാ മാസവും ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 799011400007305 -ാം നമ്പർ അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനാവശ്യമുള്ള തുക ആവശ്യപ്പെട്ടുള്ള റിക്വിസിഷനുകൾ നഗരസഭ നൽകുന്നതായി കാണുന്നില്ല.

മാസം	അടവാക്കേണ്ടത്	അടവാക്കിയത്	വൗച്ചർ നം./ ചെക്ക് നം.	അടവാക്കാൻ ബാക്കി
04/2023	1,01,018	1,01,018	931081/ 1.4.23	-
05/2023	1,01,018	1,01,018	274292/ 2.5.23	-
06/2023	1,01,205	1,01,205	274361/31.5.23	-
07/2023	1,01,205	1,01,205	100106/1.7.23	-
08/2023	89,494	89,494	568540/10.8.23	-
08/2023	6,009	6,009	429164/2.9.23	-
09/2023	1,04,289	1,04,289	568589/2.9.23	-
10/2023	1,28,609	1,28,609	429250/ 3.10.23	-
11/2023	1,36,563	1,36,563	101929/1.11.23	-
12/2023	1,45,479	1,45,479	811763/ 1.12.23	-
01/2024	1,40,563	1,40,563	625784/ 3.1.24	-
02/2024	1,46,427	1,46,427	625859/ 2.2.24	-
03/2024	1,46,732	0	-	1,46,732
ആകെ	**14,48,611**	**13,01,879**		**1,46,732**

E) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം:

മാസം	തുക	ഉത്തരവ് നം / ചെക്ക് നം.	മുതൽക്കൂട്ടിയ ബാങ്ക് അക്കൗണ്ട് നം.

തൻവർഷം സെൻടൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.

F) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണ വിവരം: തൻവർഷം നഗരസഭയിൽ പെൻഷൻ അനുവദിച്ചവർക്ക് താഴെ ചേർക്കും പ്രകാരം 47,06,105 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഇനം	തുക	വൗച്ചർ നം./ ചെക്ക് നം.	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
കമ്മ്യൂട്ടേഷൻ	21,84,480	5364980/12.9.23	21,84,480/ 14.9.23
കമ്മ്യൂട്ടേഷൻ	6,58,541	5364982/ 20.11.23	6,58,541/ 23.11.23
ഡി.സി.ആർ.ജി.	3,97,719	5364982/ 20.11.23	3,97,719/ 23.11.23
ഡി.സി.ആർ.ജി.	14,65,365	5364983/ 21.2.24	14,65,365/ 24.2.24
ആകെ	**47,06,105**		

G) നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ തുക

വാർഷിക ധനകാര്യ പത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻടൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കോഡ്	ശീർഷകം	തുക
431409901	അദർ റിസീവബിൾസ് (കറണ്ട്)	77,03,813
431409902	അദർ റിസീവബിൾസ് (അരിയർ)	2,19,45,672

പെൻഷനും മറ്റ് പെൻഷനറി ബെനിഫിറ്റ്സും കൂടി തൻവർഷം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത് 79,15,564 (31,58,459 (റഗുലർ പെൻഷൻ) + 47,06,105 (കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി) + 51000 (മെഡിസെപ്പ്)) രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 77,03,813 രൂപയാണ്. 2,11,751 രൂപയുടെ വ്യത്യാസം ഉണ്ട്. നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക കണക്കാക്കിയതിൽ വ്യത്യാസം വരുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതും ബാലൻസ് ഷീറ്റിൽ ആയത് ക്രമപ്പെടുത്തേണ്ടതുമാണ്.

1-50-2 കണ്ടിജന്റ് പെൻഷൻ

A) കണ്ടിജന്റ് പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E(A +B+C+D)
F.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	4	1	-	-	5
G.	തൻവർഷം അനുവദിക്കപ്പെട്ടവർ	-	-	-	-	-
H.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	-	-	-	-	-
I.	വർഷാവസാനം ഉള്ള പെൻഷൻകാർ	4	1	-	-	5

(F + G) - (H)						

B) പെൻഷൻ വിതരണവിവരം: ഓഡിറ്റ് വർഷം കണ്ടിജന്റ് പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 6,19,272 രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം./ ചെക്ക് നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
04/2023	931093/ 4.4.23	35,620	15,986	-	-	51,606	51,606 4.4.23
05/2023	274296/ 2.5.23	35,620	15,986	-	-	51,606	51,606 2.5.23
06/2023	10053/ 31.5.23	35,620	15,986	-	-	51,606	51,606 1.6.23
07/2023	100118/ 4.7.23	35,620	15,986	-	-	51,606	51,606 4.7.23
08/2023	568514/ 2.8.23	35,620	15,986	-	-	51,606	51,606 2.8.23
09/2023	429170/ 2.9.23	35,620	15,986	-	-	51,606	51,606 2.9.23
10/2023	429258/ 3.10.23	35,620	15,986	-	-	51,606	51,606 3.10.23
11/2023	101940/ 2.11.23	35,620	15,986	-	-	51,606	51,606 2.11.23
12/2023	811773/ 1.12.23	35,620	15,986	-	-	51,606	51,606 2.12.23
01/2024	625779/ 2.1.24	35,620	15,986	-	-	51,606	51,606 2.1.24
02/2024	625851/ 1.2.24	35,620	15,986	-	-	51,606	51,606 2.2.24
03/2024	692225/ 6.3.24	35,620	15,986	-	-	51,606	51,606 6.3.24
ആകെ		**4,27,440**	**1,91,832**	**-**	**-**	**6,19,272**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്" എന്ന പേരിൽ തൊട്ടടുത്തുള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പെൻഷൻ ഫണ്ട്

കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ മാസവും ഓരോ കണ്ടിജന്റ് ജീവനക്കാരന്റേയും വേതനത്തിന്റെ 15% വരുന്ന തുക ഈ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് ചട്ടം 7(2). എന്നാൽ മരട് നഗരസഭയിൽ ഇത്തരത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.7476001100000011 പഞ്ചാബ് നാഷണൽ ബാങ്ക്, മരട്) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്.

D) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

ഇനം	തുക	വൗച്ചർ നം.
തൻവർഷം പുതിയതായി പെൻഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിൽ ചെലവില്ല.		

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി അടവാക്കി-നഗരസഭയ്ക്ക് നഷ്ടമായ നഷ്ടം

സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്
1	ലിജോ സാജു, പി പി എസ് മോട്ടോസ് സർവീസ്, മരട്	I	114,005	1000	750	250
2	വിഷ്ണു പ്രസാദ് , പി പി എസ് മോട്ടോസ് സർവീസ്, മരട്	I	1,24,778	1000	750	250
3	ആൻറണി നോർഫിൻ അരുജ, പി പി എസ് മോട്ടോസ് സർവീസ്, മരട്	II	102,788	1000	750	250
4	ശ്രീനി എസ്, പി പി എസ് മോട്ടോസ് സർവീസ്, മരട്	II	118,160	1000	750	250
5	സാരംഗ് കെ എസ്, പി പി എസ് മോട്ടോസ് സർവീസ്, മരട്	II	109,068	1000	750	250
6	രാഹുൽ ബാബു, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	II	100,546	1,000	750	250
7	റിജിൻ ആൻറണി, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	II	119,067	1,000	750	250
8	മുഹമ്മദ് ഫജാർ, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	II	100,906	1,000	750	250
9	മേരി ഷൈനി, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	II	101,003	1,000	750	250
10	ആൻറണി നോർഫിൻ അരുജ, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	I	103,715	1,000	750	250
11	മുഹമ്മദ് ഫജാർ, പി പി എസ് മോട്ടോസ് സെയിൽസ്, മരട്	I	101,820	1,000	750	250
	ആകെ					2750

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24 ലെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ, തീയതി	മുൻകൂർ നൽകിയ തുക(₹)	ചെലവഴിച്ച തുക(₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹)
കെ.എസ്.ഇ.ബി.	351/24, നഗരസഭാപരിധിയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ്	610 / തീയതി. 28.3.2024	1000000/-	-	1000000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ (₹)	പലിശ	
പി.എം.എ.വൈ	ജി.ഒ(ആർ.ടി) നം.105/2019/ ഫിൻ/ തീയതി.01.08.2019 ജി.ഒ(ആർ.ടി) നം.10500/2019/ ഫിൻ/ തീയതി.21.12.2019	8640000	1,72,53,332	15,60,000	0	1,56,93,332

*ജി.ഒ പ്രോജക്ട് ചെലവ്

1)(₹)4,88,889 *3 = 14,66,667(ലൈഫ് വായ്പ ജനറൽ)

2)(₹)31,111 *3 = 93,333 (ലൈഫ് വായ്പ-എസ്.സി.പി)

4-6 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹41,49,038
തൻവർഷം നിക്ഷേപിച്ച തുക	₹3,28,204 (പലിശ)
ആകെ	₹44,77,242
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹41,49,038+3,28,204 =₹44,77,242/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ

1) മരട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

തുക-₹37,17,914/-, (രസീത് നം/തീയതി-0050723/27.04.21)

2) എസ്.ബി.ഐ, മരട്

തുക-₹7,59,328/-, (അക്കൗണ്ട് നം-67271219027)

ആകെ-₹44,77,242/-രൂപ

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	35	2000-01	IV7(62)	--	ലഭ്യമാക്കിയിട്ടില്ല
1998-99	28	2004-05	III 7(1)	--	ലഭ്യമാക്കിയിട്ടില്ല

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹25,96,14,599.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹21,41,18,751.00
വരവിനങ്ങളിലുള്ള നഷ്ടം	₹2750.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹39,76,888.00

(ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	2750/-		ശ്രീ. നാസിം ഇ., സെക്രട്ടറി
ആകെ	2750/-		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ആളുടെ പേരും

നമ്പർ		ഉദ്യോഗപ്പേരും
1-26	₹2,68,538	ഡോ. സൗമ്യ എസ്., മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) വളന്തക്കാട്
1-27	₹6000	ശ്രീ. നാസിം ഇ., സെക്രട്ടറി
1-28	₹103392	ശ്രീ. നാസിം ഇ., സെക്രട്ടറി
1-29 (A)	₹11,25,000	ശ്രീ.ജേക്കബ്സൺ പി.ഐ., പ്രോജക്ട് ഓഫീസർ
1-29 (B)	₹4,000	ശ്രീ.ജേക്കബ്സൺ പി.ഐ., പ്രോജക്ട് ഓഫീസർ
1-30	₹1,50,000	ശ്രീ.ജേക്കബ്സൺ പി.ഐ., പ്രോജക്ട് ഓഫീസർ
1-31	₹91,008	ശ്രീ.ജേക്കബ്സൺ പി.ഐ., പ്രോജക്ട് ഓഫീസർ
1-34	₹425000	ശ്രീ.ജേക്കബ്സൺ പി.ഐ., പ്രോജക്ട് ഓഫീസർ
1-37	₹1,43,950	ശ്രീ. നാസിം ഇ., സെക്രട്ടറി
1-40	₹10,00,000	ബിജു എം.കെ., മുനിസിപ്പൽ എൻജിനിയർ
1-42	₹6,60,000	ശ്രീ. നാസിം ഇ., സെക്രട്ടറി
ആകെ	₹39,76,888.00	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന്/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽ വിലാസം
1	ബിജു എം.കെ മുനിസിപ്പൽ എൻജിനിയർ	മുനിസിപ്പൽ എൻജിനിയർ, കരുനാഗപ്പള്ളി നഗരസഭ	മണി മന്ദിരം, ഇടകുളങ്ങര, കൊല്ലം
2	ശ്രീ.ജേക്കബ്സൺ പി.ഐ. പ്രോജക്ട് ഓഫീസർ	പ്രോജക്ട് ഓഫീസർ മരട് നഗരസഭ	പൊടിമറ്റത്തിൽ വീട്, അമ്മന്നൂർ.പി.ഒ, കോട്ടയം
3	ഡോ.സൗമ്യ മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വളന്തക്കാട്	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വളന്തക്കാട്	തെക്കേചൂരക്കാട്ട് ഹൗസ് ടി.കെ.ഷൺമാധുരൻ റോഡ് മരട് പി.ഒ
4	ശ്രീ നാസിം ഇ സെക്രട്ടറി	സെക്രട്ടറി മരട് നഗരസഭ	നിലാവ്, ചെല്ലമംഗലം, അക്കരവിള, പൗഡികോണം പി ഒ, തിരുവനന്തപുരം-695588

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1980-81	എൽ.എഫ്.ഇ.(പി.4)1468, 26.10.1995
1982-83	
1983-84	
1984-85	
1986-87	
1987-88	
1988-89	
1990-91	

1991-92 & 1992-93	എൽ.എഫ്.ഇ.(പി.4)1025/94, 9.2.1996
1993-94	എൽ.എഫ്.ഇ.(പി.3)556/96, 17.5.1998/7.1.99
1996-97	എൽ.എഫ്.ഇ.(പി.3)160/96, 17.5.98/7.1.99
1997-98	എൽ.എഫ്.ഇ.(പി.4)691/2000, 18.10.2000
1998-99	എൽ.എഫ്.ഇ.(പി.6)1010/05, 21.7.06 /7.10.06
1999-2000	എൽ.എഫ്.ഇ.(പി.6)1011/05, 21.7.06/ 7.10.06
2000-01	എൽ.എഫ്.ഇ.(പി.6)1005/05, 22.7.2006
2001-02	എൽ.എഫ്.ഇ.(പി.7)1818/06, 3.11.07/15.1.08
2002-03	എൽ.എഫ്.ഇ.(പി.7)1819/06, 3.11.07/31.1.08
2003-04	എൽ.എഫ്.ഇ.(പി.7)1820/06, 3.11.07/15.1.08
2004-05	എൽ.എഫ്.ഇ.(പി.8)785/09, 9.3.10/11.6.10
2005-06	എൽ.എഫ്.ഇ.(പി.8)786/09, 9.3.10/11.6.10
2006-07	എൽ.എഫ്.ഇ.(പി.8)1342/09, 9.3.10/11.06.10
2007-08	എൽ.എഫ്.ഇ.(പി.8)140/10, 6.11.10/4.1.11
2008-09	എൽ.എഫ്.ഇ.(പി.8)141/10, 6.11.10/7.3.11
2009-10	എൽ.എഫ്.ഇ.(പി.8)1860/10, 2.5.11/4.8.11
2010-11	എൽ.എഫ്.ഇ.(എം.1)1863/12, 20.6.12/11.7.12
2011-12	എൽ.എഫ്.ഇ.(എം.1)1100/14, 13.1.15/17.1.15
2012-13	എൽ.എഫ്.ഇ.(എം.1)883/15 , 14.07.2015
2013-14 & 2014-15	കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016,20.07.2016
2015-16	കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17, 8.2.17
2016-17	കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17, 19.09.17
2017-18	കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19, 23.03.19
2018-19	കെ.എസ്.എ.- ഇ.കെ.എം.(എം.1)1968/19,06.03.19
2019-20	കെ.എസ്.എ.- ഇ.കെ.എം.(എം.1)316/22,05.07.22
2020-21	കെ.എസ്.എ.- ഇ.കെ.എം.(എം.1)1331/22, 16.08.22
2021-22	കെ.എസ്.എ.- ഇ.കെ.എം.(എം.1)2131/22, 25.04.2023
2022-23	കെ.എസ്.എ.- ഇ.കെ.എം.(എം.1)81/24, 20.03.2024

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-07-2024 and submitted on 30-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Maradu Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Maradu Municipality as on 31-03-2024

Date: 27/03/2025

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Maradu Municipality for the Year 2023-2024 .

1.Major Observations

1) The financial statements for the year ended on 31.03.2024 are subject to uncertainity to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Saankhya software to K-Smart application. The non-

adaptibility issues related to porting of data from K-Smart to Saankhya are detailed in the audit report as separate paragraphs.

2) The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

3) Property tax figures do not match with the annual financial statements and Sanchaya figures.

2.Other Observations

1) Sankya -K-smart Integration which was made for preparing AFS do not assure the accuracy of entries.

2) Source document for verification of Property tax from 01.01.2024 is not available for audit in K-Smart application.

3)Basic ratios to be included in the annual financial statements (Kerala Muncipaility Accounts Rules 2007, rule 58(E)& 58(F)) are not included.

4)Redemption amounts are not accounted in prescribed heads.

5) NULM account in Indian bank is not included in AFS.

6) Other Advance Head marked as negative.

7) SGST, CGST Shares defers in B9 Schcdule.

8) Distress relief fund- Receipt & expenditure amounts marked in RP schedules not tally with closing balance of the same

9)Donations & Contributions are included in Liability Grant heads.

10) Bank Reconciliation of Own Fund Accounts are not prepared properly.

11) The details of inclusion of Profession tax (collected through Online A/c) in AFS is not produced for Audit.

12) Deposits Received- not maintained adequate documents like Deposit Register.

13) In the case of Central govt.funds like AMRUT, NULM, SBM, proportionate Grant heads not maintained as per their Bank Account heads..

14) Receipt & Payment of AUEGS, marked in AFS does not match with Cash Book.

15)Cess amount in B15 schedule is not in proportion with Arrear amounts of the same.

16)Anomalies of Central Finance Commission Grant in AFS

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്